Vol. 21. No. 5.

# കൎമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

May 1923.

# വിഷയവിവരണിക


| | | പേജ്. |
|---|---|---|
| 1. | പഞ്ചാംഗം. | 97 |
| 2. | ദൈവമാതൃകീർത്തനം. ദിവ്യശ്രീ വടക്കയിൽ മത്തായിക്കത്തനാർ. | 99 |
| 3. | പ്രസാധകക്കുറിപ്പുകൾ. | 100 |
| 4. | വന്ദനീയ കൊച്ചുത്രേസ്യാ കന്യക. (നി. വ. ദിവ്യശ്രീ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഒരു ഇടയലേഖനം) | 101 |
| 5. | ദൈവജനനിയെ വണങ്ങുന്നതു ന്യായമോ? ശ്രീമാൻ സി. അന്തപ്പായി ബി. ഏ. | 104 |
| 6. | ഒരു പ്രാർത്ഥന. (പദ്യം) ശ്രീമതി മേരി ജോൺ തോട്ടം. | 105 |
| 7. | ത്രേസ്യാ പുണ്യവതിയുടെ കൃതികൾ. റവ. ഫാദർ മാത്യു പുതിയിടം. | 106 |
| 8. | ദൈവജനനിയും ദിവ്യകാരുണ്യസ്വീകരണവും. റവ. ഫാദർ മർസ്സലിൻ സി. ഡി. | 107 |
| 9. | വി. ഗബ്രിയേൽ പൊസേന്തി. റവ. ജോസപ്പ് തെക്കേമുറി. | 109 |
| 10. | പരിശുദ്ധ പിതാവും കത്തോലിക്കാ പത്രപ്രവർത്തനവും. ന. ദീ. | 110 |
| 11. | തൊട്ടു വിശ്വസിച്ചു. കാപ്പിൽ കയ്യാക്കോസു ശ. റോമ്മാ. | 112 |
| 12. | തിരുഹൃദയ പൊതുനിയോഗം. | 116 |
| 14 | പുതിയ പ്രസിദ്ധീകരണങ്ങൾ, വർത്തമാനസംഗ്രഹം. | 117 |
| 15. | ഔഷധക്കുറിപ്പുകൾ, മനോഗുണവിവരങ്ങൾ, ചരമവാർത്തകൾ. | |


## ☞ വരിക്കാർ വായിച്ചിരിക്കേണ്ടതു.

൧൯൨൮ ഇടവമാസംകൊണ്ടു വരിപ്പണം തീരുന്ന കുസുമവരിക്കാൎക്കും മേൽവിലാസത്തോടുകൂടെ കാണുന്ന പേരേടുനമ്പർ 3300 മുതൽ 3700 വരെയുള്ള രജിസ്റ്റർ നമ്പർകളിൽ പെട്ട കുടിശികക്കാൎക്കും അടുത്ത ലക്കം വി. പി. അയക്കുന്നതാണെന്നും, മാസിക മടങ്ങുന്ന വരിക്കാൎക്കു മേലാൽ അയക്കുന്നതല്ലെന്നുമുള്ള വിവരം ഞങ്ങളുടെ മാന്യവരിക്കാരെ അറിയിച്ചുകൊള്ളുന്നു. മാനേജർ.

## ഗ്രന്ഥാവലി പണമടച്ചവരുടെ പേരുവിവരം.

| | രു. |
|---|---|
| ബ. മാണിക്കനാം പറമ്പിൽ യൌസേപ്പച്ചൻ. | 1 |
| ,, ക. നി. മൂ. സ. എസ്സപ്പാനോസച്ചൻ. | 2 |
| പെ. ബ. വെച്ചിയാനിക്കൽ യൌസേപ്പച്ചൻ. | 1 |
| ,, പി. കെ. അന്തോനിയച്ചൻ. | 2 |
| ബ. പയ്യപ്പള്ളി മത്തായി അച്ചൻ. | 10 |
| ,, പാണാപള്ളി കൊവേന്തയുടെ വികാരിയച്ചൻ. | 1 |
| മ. രാ. രാ. ജോർജ്ജ ഗ്രാസ്യാൻ കൊല്ലം. | 1 |
| എസ്. എൻ. പെറെയിരാ സിലോൺ | 1 |
| സി. സി. ജോസഫ് ആലപ്പുഴ. | 1 |
| കെ. കെ. ജോസഫ് പൊൻകുന്നം. | 1 |
| ഡോക്ടർ ആർ. എം. മാത്യു മദ്രാസ്. | 1 |
| പള്ളികഴക്കേതിൽജോസഫ് കൈപ്പുഴ | 1 |
| പി പാപ്പി കളരിക്കൽ പുനലൂർ. | 1 |

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം .൯ .൪൨ എപ്പകത്തി ൧൫.

## ൧൯൧൫ മെയ് – ൧൦൯൦ മേടം - ഇടവം.

| | | | | |
|---|---|---|---|---|
| 1 | 18 | ചൊ | (✠) ശ്ലീ. പീലിപ്പോസ്. യാക്കോബ്. ന. കു. വെ. | ചു. |
| 2 | 19 | ബു | അ. മെ൪. മല്പാ. അത്തനാസിയോസ്. ന. കു. വെ. | വെ. |
| 3 | 20 | വ്യാ | ശ്ലു. കുരിശു കണ്ടെത്തൽ. ന. ആ കു. വെ. | ചു. |
| 4 | 21 | വെ | വി മോനിക്കാ. ന. ആ. കു. വെ. | വെ. |
| | | | കൈപ്പുഴപ്പള്ളിയിൽ വി. ശീവറുഗിസുസഹദായുടെ തിരുനാൾഘോഷം. | |
| 5 | 22 | ശ | † പാ. മെ൪. പീയൂസ്. ന. ആ. കു. വെ. | വെ. |
| 6 | 23 | ഞാ | ✠ ഉയിപ്പു. ൫-ാംഞാ. ന. കു. ആ. ൰൦ .൦ .൫ | വെ. |
| | | | ☞ അടുത്ത വ്യാഴം സ്വർഗ്ഗാരോഹണത്തിരുനാൾ കടം. | |
| 7 | 24 | തി | ലുത്തിനിയാ. ന. കു. ആ. | റോ. |
| | | | എടതൊപ്പള്ളിയിൽ വി. ശീവറുഗീസിൻെറ പ്രധാനതിരുനാൾ | |
| 8 | 25 | ചൊ | ലുത്തിനിയാ. ന. ആ. കു. (ഇന്നലത്തേതു.) | റോ. |
| | | | കട്ടുത്തുരുത്തിപ്പള്ളിയിൽ വി. മിഖായേൽമാലാഖായുടെ തിരുനാൾ. | |
| 9 | 26 | ബു | ലുത്തിനിയാ. ന. ആ. കു. തലേ. | റോ. |
| 10 | 27 | വ്യാ | ✠ ന. കത്താ. സ്വർഗ്ഗാരോഹണം. ന. കു. വെ. | വെ. |
| | | | നാളെ പന്തക്കുസ്താ നവനാൾ തുടങ്ങുന്നു. | |
| 11 | 28 | വെ | വേദ. ഗോർദി. കൂട്ട (ഇന്നലെ) ന. ആ. കു. വെ. | ചു. |
| 12 | 29 | ശ | വേദ. നേറയോസും കൂട്ട ന. ആ. കു. വെ. | ചു. |
| 13 | 30 | ഞാ | ✠ ഉയി. ൬-ാംഞാ. സ്വർഗ്ഗാ ഇടഞാ. ന. കു. ആ. .൪൨ .൯ .൨ | വെ. |
| | | | പൈങ്ങോട്ടൂർ വി. അന്തോനീസ് പാദുവായുടെ തിരുനാൾ. | |
| 14 | 31 | തി | വേദ. ബൊനിപ്പാസി. ന. ആ. കു വെ | ചു. |
| 15 | ◉ 1 | ചൊ | യോഹന്നാൻ ദക്ദംതറആ. (ഈമാ. ൬) ന ആ. കു വെ. | ചു. |
| 16 | 2 | ബു | † വേദ. യോഹന്നാൻ നെപ്പുമുച്ചേൻ ന. ആ. കു. വെ. | ചു. |
| 17 | 3 | വ്യാ | † മെ൪. പസ്കാളിസ്. ന. ആ. കു. വെ. | വെ. |
| 18 | 4 | വെ | വേദ. വെനാന്തിസ്. ന. ആ. കു വെ. | ചു. |
| 19 | 5 | ശ | പന്തക്കുസ്താ: തലേനാൾ. ന. ആ. കു. തലേ. | ചു. |
| 20 | 6 | ഞാ | ✠ പന്തക്കുസ്തു. എം. ന. കു. ആ. ൨൲൰ .൫൮ .൨ .൮ | ചു. |
| | | | ☞ അടുത്ത ബുധൻ പട്ടത്തിൻെറ മാംസവർജ്ജന. | |
| | | | കൊഴുവനാപ്പള്ളിയിൽ വി. നെപ്പുമസീൻ തിരുനാൾ. | |
| 21 | 7 | തി | (✠) പന്തക്കുസ്തു. എം. ന. കു. ആ. | ചു. |
| 22 | 8 | ചൊ | (✠) പന്തക്കുസ്തു. എം. ന. കു. ആ. | ചു. |
| 23 | 9 | ബു | (✠) പന്തക്കുസ്തു. എം. ന. കു. ആ. (പട്ടം. ഇ. വി.) | ചു. |
| 24 | 10 | വ്യാ | പന്തക്കുസ്തു. എം. ന. കു. ആ. | ചു. |
| 25 | 11 | വെ | പന്തക്കുസ്തു എം. ന. കു. ആ. (പട്ടം) | ചു. |
| 26 | 12 | ശ | പന്തക്കുസ്തു. എം. ന. കു. ആ. (പട്ടം) | ചു. |
| | | | ഇന്നുച്ചയോടുകൂടി പെസഹാക്കാലം അവസാനിക്കുന്നു. | |
| 27 | 13 | ഞാ | ✠ പന്ത. ൧-ാംഞാ. എ. ശ്ലു. ത്രിതൈ്വം. ന. ആ. കു. വെ. ൰൦ .൩ .൮ | വെ. |
| | | | ☞ അടുത്ത വ്യാഴം ശ്ലു. കുർബ്ബാനയുടെ തിരുനാൾ കടം. | |
| 28 | 14 | തി | ക. പുദേന്തിനാ. (ഈമാ. ൧൬) ന. ആ. കു. വെ. | ചു. |
| 29 | 15 | ചൊ | അ. വേദ. സ്തനിസ്ലാവോസ്. (ഈമാ. ൭) ന. ആ. കു വെ. | ചു. |
| 30 | ◉ 16 | ബു | പാ. വേദ. ഫെല്ലിക്സ്. ന. ആ. കു. വെ. | ചു. |
| | | | ഇന്നു മുതൽ ന. കത്താവിൻെറ തിരുഹൃദയനവനാൾ തുടങ്ങുന്നു. | |
| 31 | 17 | വ്യാ | ✠ ശ്ലു. കുർബ്ബാന. ന. കു. വെ. | വെ. |
| | | | ന. കത്താവിൻെറ തിരുഹൃദയ വണക്കമാസം തുടങ്ങുന്നു. | |



The Little Flower of Jesus.

ഈശോയുടെ ചെറുകുസുമം.

# കർമ്മലകുസുമം.

പുസ്തകം ൨൧ } ൧൯൨൩ മെയ് { ലക്കം ൫.

## കന്നിമരിയാകീർത്തനം.

(സാമ്യമകന്നോരുദ്യാനം— എന്ന മട്ട്)

### പല്ലവി.

സാമ്യരഹിതം നിൻജന്മം, എത്രയുമഭി—
രമ്യേ! നിർമ്മലെ! മാ മരിയെ!

### അനുപല്ലവി.

പാപത്താലന്യാദൃശമായ്— കോപിച്ച ദൈവത്തെ നിൻ
പാപംകൂടാത്ത ജന്മം -- കോപവിഹീനനാക്കി. സാമ്യ...

### ചരണങ്ങൾ.

1 കാമ്യം നിൻപുണ്യാഭായുത— ജാമ്യം മനുജക്കെന്നും,
നമ്യം നീ കാട്ടീടുന്നഭി-ഗമ്യമായുള്ള വീഥി— സാമ്യ...
2 കന്യാവ്രതത്തിൻ രാജ്ഞിയ,നന്യാലംബക്കാശ്രയമേ!
ധന്യേ പാപിയെ ഖിന്നത,യെന്യേ തുണച്ചീടേണമെ! സാമ്യ...
3 ധർമ്മനിരതമായൊരു, കർമ്മാനുഷ്ഠാനത്താലെ
നർമ്മദനായിത്തീരാൻ, ശർമ്മമരുളീടേണമെ! സാമ്യ...
4 അമ്മെ! നിന്നേയും നീ വഴി, ചെമ്മെ നിൻപുത്രനേയും
സമ്മോദം വാഴ്ത്തീടുവാ,നെമ്മോഹം വർദ്ധിപ്പിക്ക! സാമ്യ...
5 എന്നും നിൻസേവകരിൽ ഞാ,നൊന്നാമനായിത്തീരാൻ
തന്നരുളേണെ വരമി,നമ്മെ! മരിയെ! നാഥെ! സാമ്യ...

വടക്കയിൽ മത്തായി **കത്തനാർ.**

## പ്രസാധകക്കുറിപ്പുകൾ.

### വണക്കമാസം.

**കത്തോലിക്കരേവരും** അക്ഷാന്തിയോടേ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന മാസമാണ് മേമാസം. ദൈവജനനിയുടെ സ്തുതിക്കായി നിയമിക്കപ്പെട്ടിരിക്കുന്ന ഈ **മാസത്തിൽ** മററു മാസങ്ങളെ അപേക്ഷിച്ചു ഏതു വിധമെങ്കിലും **ഈ** പരിശുദ്ധ അമ്മയെ വണങ്ങി **സ്തുതിക്കാത്ത** കത്തോലിക്ക കുടുംബങ്ങൾ **കേരളത്തി**ലുണ്ടാകുമെന്നു തോന്നുന്നില്ല. **മാന്നാനം** അച്ചുകൂടത്തിൽ 'നിത്യാരാധന' പുസ്തകം കഴിഞ്ഞാൽ **മതാവിന്റെ** **വണക്ക**

മാസപ്പുസ്തകംപോലെ പ്രതിവർഷം മറുയാതൊരു പുസ്തകവും ഇത്രയധികം ചെലവാകുന്നില്ലെന്നുള്ള ഏകസംഗതി ആലോചിച്ചാൽ നമ്മുടെ നാട്ടിൽ രക്ഷാകരമായ ഈ ഭക്തിക്ക് എത്ര പ്രചാരമുണ്ടെന്നു ഏറെക്കുറെ ഊഹിക്കാവുന്നതാണല്ലോ. നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ കാലം മുതൽക്കു തന്നെ മലംകര സഭയ്ക്കു സിദ്ധിച്ചിട്ടുള്ള ഒരു പിതൃധനമായിട്ടാണു ചരിത്രകാരന്മാർ ഈ ഭക്തിയെ പരിഗണിക്കുന്നത്. തന്നിമിത്തം നമ്മുടെ യാക്കോബായ സഹോദരങ്ങളുടെ ഇടയിൽ പോലും ഈ ഭക്തി ഇന്നും രൂഢമൂലമായി സ്ഥിതി ചെയ്യുവരുന്നു. "എന്നെ കണ്ടെത്തുന്നവൻ ആയുസ്സിനെ കണ്ടെത്തും" അതിനാൽ ദൈവജനനിയുടെ നേർക്കുള്ള നിർവ്യാജ ഭക്തിവഴിയായി മലങ്കര സഭയ്ക്കു സാക്ഷാലുള്ള ആയുസ്സും രക്ഷയും ഉണ്ടാകുമെന്നു നാം ദൃഢമായി വിശ്വസിക്കയും, അതിനായി ഈ അമ്മയോടു പ്രാർത്ഥിക്കയുംചെയ്യണം.

കൊച്ചുത്രേസ്യാ.

നിയമാനുസൃതമായി ദീർഘവും കർശനവുമായ പരിശോധനകൾ കഴിച്ചതിന്റെ ഫലമായി മേമാസം നാലു- ഞായറാഴ്ച കൊച്ചുത്രേസ്യാ കന്യകയെ ഭാഗ്യവതി എന്നു നാമകരണം ചെയ്യുന്നതിനു പരിശുദ്ധ പിതാവു തീർച്ചപ്പെടുത്തിയിരിക്കുന്ന വിവരം അത്യാഹ്ളാദ സമേതം കുസുമവായനക്കാരെ അറിയിച്ചുകൊള്ളുന്നു. ഈശോയുടെ ഈ നിർമ്മല 'കുസുമ'ത്തിനു ലഭിപ്പാൻ പോകുന്ന അത്ഭുതപൂർണ്ണമായ ഈ ഭാഗധേയത്തിൽ 'കർമ്മലകുസുമ'ത്തിനുള്ള ആനന്ദം അവർണ്ണനീയമെന്നേ പറവാനുള്ളു. "ലോകത്തിൽ നന്മചെയ്യുന്നതിലേക്കു എന്റെ സ്വർഗ്ഗജീവിതം ഞാൻ വിനിയോഗിക്കും" എന്ന് അരുളിച്ചെയ്യ ഈ അത്ഭുത കന്യകയുടെ മാദ്ധ്യസ്ഥം മനോശരണത്തോടെ തേടുന്നതിനു ഈ ഘട്ടത്തിൽ നമുക്കു പ്രത്യേക അവകാശമുണ്ട്. 'കുസുമ'ത്തിന്റെ ഒരു പ്രത്യേക രക്ഷാധികാരിണിയായിട്ടു ഈ 'ചെറുകുസുമ'ത്തെ ഇതാ ഈ അവസരത്തിൽ പ്രഖ്യാപനം ചെയ്തുകൊള്ളുന്നു. താൻ വാഗ്ദാനംചെയ്തിട്ടുള്ള ആ 'കുസുമവർഷം' മാസികയുടെമേലും വായനക്കാരുടെമേലും നിരന്തരം ചൊരിയുമാറാകട്ടെ!

ബഥനി മാസിക.

ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റാൻറുകാരുടെ വകയായി ഉണ്ടായിട്ടുള്ള ഏക സന്യാസ സ്ഥാപനമാണു കാൽഡി ആശ്രമം എന്ന അഭിധാനത്തിൽ അറിയപ്പെട്ടുവരുന്നത്. പ്രസ്തുത ആശ്രമവും ആശ്രമാംഗങ്ങളും ഒന്നാകെ കത്തോലിക്കാസഭയിലേക്കു പ്രവേശിച്ചതായ ആംഗ്ലിക്കൻസഭയെ അടിസ്ഥാനപര്യന്തം ക്ഷോഭിപ്പിച്ച ആ സംഭവം നടന്നിട്ടു ഇനിയും അധികകാലം കഴിഞ്ഞിട്ടില്ല. കേരളത്തിലെ യാക്കോബായക്കാരുടെ ഇടയിലുള്ള ഇതിനോടൊത്ത ഒരു സ്ഥാപനമാണ് റാന്നിക്കുസമീപം സ്ഥിതിചെയ്യുന്ന ബഥനിയാശ്രമം. വി. ഈനാസ്യോസിന്റെ ജ്ഞാനാധ്യാനങ്ങൾ ആദിയായി കത്തോലിക്കാ മതഗ്രന്ഥങ്ങളാണ് അവിടെ നിത്യോപയോഗത്തിലിരിക്കുന്നത്; ഒരു കത്തോലിക്കാ സന്യാസ ഭവനത്തിലെ മിക്ക ചടങ്ങുകളും അവിടെ അനുഷ്ഠിക്കപ്പെട്ടുവരുന്നുണ്ടു. ഇതിനാൽ പ്രസ്തുത സന്യാസസഭാംഗങ്ങൾക്കും തൽസ്ഥാപകനായ ദിവ്യശ്രീ പി. റ്റി. ഗീവറുഗീസച്ചൻ എം. ഏ. അവർകൾക്കും കത്തോലിക്കാസഭയോടു അതീയായി അനുഭാവമുള്ളതിൽ അത്ഭുതപ്പെടാനില്ലല്ലൊ. ഈ സഭാംഗങ്ങളിൽ ബി. ഏ ബിരുദധാരിയായ ഒരു ശെമ്മാശ്ശൻ കത്തോലിക്കാസഭയിൽ പ്രവേശിക്കയും, അനന്തരം കേരളീയ കർമ്മലീത്താസഭയിൽ അനുകരണാർഹനായ ഒരുത്തമ നവസന്യാസിയായി ഇപ്പോൾ ജീവിച്ചുവരികയും ചെയ്യുന്നതു പലരും അറിഞ്ഞിരിപ്പാനിടയുണ്ട്. ഈ ആശ്രമത്തിൽനിന്നു പുറപ്പെടുന്ന 'ബഥനിമാസിക' എന്നൊരു വിശിഷ്ടഗ്രന്ഥം അഭിപ്രായത്തിനായി ഇവിടെ അയച്ചുതന്നിരിക്കുന്നതിനാൽ ഇപ്പോൾ ഇത്രയും പറവാനിടയായതാണ്. ഫലത്തിൽനിന്നു വൃക്ഷത്തെ മനസ്സിലാക്കാമെങ്കിൽ 'ബഥനിമാസിക' യിൽനിന്നു ബഥനിയാശ്രമത്തിന്റെസ്ഥിതി ഗ്രഹിക്കാൻ പ്രയാസമില്ല. ആദ്ധ്യാത്മികമായ ഈ മാസികയും ആശ്രമവും, കാൽഡി ആശ്രമംപോലെ അചിരേണ രൂപാന്തരപ്പെട്ടുകാണ്മാൻ ദൈവം ഇടയാക്കുമെന്നാണു ഞങ്ങളുടെ പ്രതീക്ഷ.

# വന്ദനീയ കൊച്ചുത്രേസ്യാ കന്യക

(നി. വ. ദിവ്യശ്രീ കണ്ടത്തിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഒരു ഇടയലേഖനം.)

"ജ്ഞാനികളിൽനിന്നും വിവേകികളിൽനിന്നും ഇവയെ മറച്ച്, ശിശുക്കൾക്കു ഇവയെ നീ വെളിപ്പെടുത്തി."

(വി. മത്തായി ൧൧. ൨൫.)

വന്ദ്യ സഹോദരരേ, സ്നേഹിക്കപ്പെട്ട മക്കളേ,

തങ്ങളുടെ ഉന്നതിയേമാത്രം സർവ്വദാ കാംക്ഷിച്ചുകൊണ്ടു സ്വാർത്ഥതയിൽ മുഴുകി ജീവിക്കുന്ന മനുഷ്യർക്കു ദൈവം തൻെറ ജ്ഞാനത്തെയോ ശക്തിയേയോ ശരിയായി വെളിപ്പെടുത്തുകയോ യഥാർത്ഥജ്ഞാനം ഇവർക്കു പ്രദാനം ചെയ്കയോ ചെയ്യുന്നില്ല. എന്നാൽ ലോകം ബലഹീനരും നിസ്സാരരുമായി കരുതുകയും അപ്രകാരം തങ്ങളേത്തന്നെ ഇല്ലായ്മയുടെ അത്യഗാധത്തിൽ താഴ്ത്തികൊണ്ടു ലോകത്തിൽ അറിയപ്പെടാതെ ഏററവും രഹസ്യമായ ജീവിതം നയിക്കയും ചെയ്യുന്നവർക്കു ദൈവം സാക്ഷാൽ വലിയ ജ്ഞാനവും വെളിവും കൊടുക്കുന്നു.

ഇപ്രകാരം ആരു്, ഏററം നിസ്സാരനെന്നും ബലഹീനനെന്നും വിചാരിക്കുന്നുവോ അവൻ ദൈവദൃഷ്ടിയിൽ വലിയവനും, യഥാർത്ഥജ്ഞാനിയുമാകുന്നു. സാക്ഷാൽ ഒരുവൻെറ ഉയർച്ചയും മഹത്വവും തന്നത്തന്നെ ഉള്ളതുപോലെ അറിയുന്നതിലും, തനിക്കുള്ളതും ദൈവത്തിനുള്ളതും ഏതെല്ലാമെന്നു തിരിച്ചറിഞ്ഞു വേണ്ടവിധം പ്രവർത്തിക്കുന്നതിലുമാണു് സ്ഥിതി ചെയ്യുന്നതു്. ഇപ്രകാരം പ്രവർത്തിക്കുന്നവരെ അത്രേ ദൈവം സ്നേഹിക്കയും മഹത്വപ്പെടുത്തുകയും ചെയ്യുന്നതു്. മിശിഹായെ പിൻതുടർന്നു ഇന്നുവരെ ജീവിച്ചിട്ടുള്ളവരും ജീവിക്കുന്നവരുമായ സകല പരിശുദ്ധന്മാരുടേയും, ജീവിതരീതി ഇതു തന്നെയാണു്. നാം ഓരോരുത്തരും ജീവിക്കേണ്ടതും ഇപ്രകാരമത്രേ. വഞ്ചനയും കപടവും കൂടാതെ ഇങ്ങനെ എളിമയോടും നിഷ്കളങ്കതയോടുംകൂടി ജീവിച്ചുപോരുന്നവരത്രേ ശിശുക്കൾക്കു തുല്യരെന്നു പറയപ്പെടുന്നതു്. അവർ ലോകത്തിൽ ജീവിക്കുന്നു; ലൌകികവസ്തുക്കളെ അനുഭവിക്കുന്നു. എന്നാൽ അവരുടെ ഹൃദയം ഇവയിൽനിന്നു അകന്നു, ദൈവനിയോഗത്തിനു ചേരാത്തവണ്ണം ആവശ്യത്തിൽ കവിഞ്ഞുള്ള ഇവയുടെ ഉപയോഗങ്ങളേയും അനുഭവങ്ങളേയും പൂർണ്ണമായി പരിത്യജിച്ച് അവർ ആരിൽനിന്നു് എന്തുദ്ദേശ്യത്തോടുകൂടി പുറപ്പെട്ടുവോ ആ കരുണാനിധിയായ സർവ്വശക്തൻെറ പക്കൽ ചെന്നുചേർന്ന്, ആ ഉദ്ദേശ്യപ്രകാരം അവിടത്തെ അനന്ത സൗഭാഗ്യത്തെ ആസ്വാദിക്കുന്നതിൽമാത്രം അവരുടെ ശ്രദ്ധ പതിയുന്നു. ഈവിധം ദൈവേഷ്ടപ്രകാരം മരണപര്യന്തം ജീവിച്ചശേഷം പരലോകപ്രാപ്തയായ ധന്യ കൊച്ചുത്രേസ്യായെ ഭാഗ്യപ്പെട്ടവരുടെ ഗണത്തിൽ ചേർക്കുന്നതിനു നമ്മുടെ മാതാവായ തിരുസഭ തീർച്ചപ്പെടുത്തിയിരിക്കുന്ന ഈ അവസരത്തിൽ സകല മനുഷ്യർക്കും അനുകരണീയമായ ഈ കൊച്ചുലീലിപ്പുഷ്പത്തിൻെറ ഒരു ജീവചരിത്രം സംക്ഷേപമായി താഴെച്ചേർക്കുന്നു:–

൧൮൭൩ ജനുവരി ൨-ാംനു- ഫ്രാൻസിൽ അലേൻസോൺപട്ടണത്തിൽ സെലീഗെരീൻ, ലൂയീസ് മാർട്ടിൻ എന്ന ദൈവഭക്തരായ മാതാപിതാക്കന്മാരുടെ ഒമ്പതാമത്തെ സന്താനമായി കൊച്ചുത്രേസ്യാ ജനിച്ചു. ജനുവരി ൪–ാംനു- സ്ഥലത്തെ നോട്ടർഡാം എന്ന ദേവാലയത്തിൽവച്ചു ജ്ഞാനസ്നാനം നൽകി. പരിശുദ്ധ ദൈവമാതാവിനോടുള്ള ആ കുടുംബാംഗങ്ങളുടെ നിഷ്കളങ്കഭക്തിയെ സൂചിപ്പിക്കുന്നതിനായി "മരിയെ ഫ്റാൻസേസ് റൈറേസ്" എന്നു പേരിട്ടു.

കൊച്ചുത്രേസ്യാ, മാതാപിതാക്കന്മാ

രോടും സഹോദരങ്ങളോടുമുള്ള യഥാൎത്ഥ സ്നേഹബഹുമാനങ്ങളെ പ്രദൎശിപ്പിച്ചുകൊണ്ടും ദൈവസ്നേഹാഗ്നിയിൽ തനിക്കുണ്ടാകുവാനിരുന്ന തീക്ഷ്ണതയുടെ ലക്ഷണങ്ങളെ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടും ഇതരന്മാരുടെ വാത്സല്യഭാജനമായി ബാല്യകാലം കഴിച്ചുകൂട്ടി. പിതാവിനോടും സഹോദരങ്ങളോടുംകൂടി പലപ്പോഴും കന്യകാമഠങ്ങളെ സന്ദൎശിക്കുകനിമിത്തം മൂന്നു വയസ്സുള്ളപ്പോൾതന്നെ കന്യകാമഠത്തിൽ ചേരണമെന്നു ഇവൾക്കു തീക്ഷ്ണമായ ആഗ്രഹം ജനിച്ചു. ൧൮൭൭ ആഗസ്റ്റ് ൨൮-ാംനു- അമ്മ മരിച്ചശേഷം കുടുംബം അലേൻസോണിൽനിന്നു ലിസ്യേ എന്ന പട്ടണത്തിലേക്കു താമസം മാററി. കൊച്ചുത്രേസ്യാ തന്റെ ജീവിതനൈൎമ്മല്യവും സന്തോഷസ്വഭാവവുംകൊണ്ടു അമ്മയുടെ മരണം മൂലം അപ്പനുണ്ടായിരുന്ന ദുഃഖത്തെ പൂൎണ്ണമായി മാററി. അഞ്ചാമത്തെ വയസ്സിൽ ഏററം ഭക്തിപൂൎവ്വം തന്റെ ആദ്യകുമ്പസാരം നടത്തുകയും അതുവരെ താൻ അനുഭവിച്ചിട്ടില്ലാത്ത ജ്ഞാനാശ്വാസം പ്രാപിക്കയും ചെയ്തു. അധികതാമസംകൂടാതെ സ്ഥലത്തെ ബനദിക്തോസ് സഭക്കാരുടെ ആശ്രമത്തിൽ വിദ്യാൎത്ഥിജീവിതം ആരംഭിച്ചു. ൧൮൮൪ മെയ് ൮-ാംനു- പത്താമത്തെ വയസ്സിൽ താൻ അത്യന്തം ആഗ്രഹിച്ചിരുന്ന പ്രഥമ ദിവ്യകാരുണ്യസ്വീകരണം മഹാ ഭക്തിതീക്ഷ്ണതയോടും വലിയ ഒരുക്കത്തോടുംകൂടി നടത്തുകയും അടുത്തുതന്നെ പ്രത്യേകവിധം തയാറായി സ്ഥൈൎയ്യലേപനം സ്വീകരിക്കയും ചെയ്തു. സന്തോഷസ്വഭാവത്തോടുകൂടി കഴിച്ചുകൂട്ടിയിരുന്ന കൊച്ചുത്രേസ്യാ ഇതിന്നിടെ വിഷാദങ്ങളും ജ്ഞാനാരോചകങ്ങളും അനുഭവിപ്പാൻ തുടങ്ങി. എന്നാൽ ദൈവത്തിൽ കുട്ടികൾക്കുടുത്ത മനോവിശ്വാസം വച്ചിരുന്ന കൊച്ചുത്രേസ്യായ്ക്കു ഇതൊന്നുകൊണ്ടും യാതൊരു കലക്കവും ഉണ്ടായില്ല. എല്ലാത്തിലും ദൈവതിരുമനസ്സിനു പൂൎണ്ണമായി കീഴ്വഴങ്ങി തന്നെ ദൈവത്തിനു കാഴ്ചവെച്ചിരുന്നു. ഇതിന്നിടെ ആത്മാക്കളെ രക്ഷിക്കുന്നതിനു വലുതായ ആഗ്രഹം തന്റെ ഹൃദയത്തിൽ ജനിച്ചു. ഈ ആഗ്രഹനിവൃത്തിക്കായി കർമ്മെലീത്താ മഠത്തിൽ ചേരണമെന്നു തീൎച്ചയാക്കി. എന്നാൽ അവളുടെ പ്രായക്കുറവു ഇതിനു വലുതായ ഒരു തടസ്സമായിരുന്നു. സഭാശ്രേഷ്ഠനോടും സ്ഥലത്തെ മേല്പട്ടക്കാരനോടും നിരന്തരമായി അപേക്ഷിച്ചിട്ടും അനുകൂലമായ യാതൊരു മറുപടിയും ഉണ്ടായില്ല. ൧൮൮൭ നവംബറിൽ റോമ്മാപ്പട്ടണത്തിൽ കുടുംബസഹിതം തീൎത്ഥയാത്രയായി പോയ അവസരത്തിൽ അന്നു വാണിരുന്ന ൧൩-ാം ലേയോൻ മാർപ്പാപ്പായെക്കണ്ടു ശിശുക്കൾക്കുടുത്ത നിഷ്കളങ്കതയോടും ധൈൎയ്യത്തോടുംകൂടി വിവരം ബോധിപ്പിച്ചെങ്കിലും അവിടെയും അനുകൂലമായ യാതൊരു മറുപടിയും കിട്ടിയില്ല. ശ്രേഷ്ഠന്മാരുടെ ആജ്ഞാനുസരണം പ്രവൎത്തിക്കുന്നതിനു മാത്രമാണ് കല്പിച്ചതു. ഇതുകൊണ്ടും കൊച്ചുത്രേസ്യാ അധൈൎയ്യപ്പെടാതെ പൂൎണ്ണശരണത്തോടുകൂടി ദൈവത്തോടു പ്രാൎത്ഥിച്ചിരുന്നു.

ചെട്ടെന്നു തടസ്സങ്ങളെല്ലാം തീൎന്നു; ൧൮൮൮ ഏപ്രിൽ ൯-ാംനു- വാത്സല്യപിതാവിനോടും സഹോദരങ്ങളോടും യാത്ര പറഞ്ഞ് അവൾ ലിസ്യേയിലുള്ള കർമ്മെലീത്താമഠത്തിൽ പ്രവേശിച്ചു, ഉണ്ണി ഈശോയുടേയും തിരുമുഖത്തിന്റെയും ത്രേസ്യാ എന്ന നാമം സ്വീകരിച്ചു. കർമ്മെലീത്താ സഭയുടെ അരൂപി പാപികളുടെ മാനസാന്തരത്തിനും പട്ടക്കാരുടെ പുണ്യപൂൎണ്ണതയ്ക്കുംവേണ്ടി പ്രാൎത്ഥിക്കുന്നതാകയാൽ തന്റെ സങ്കടങ്ങൾ, അരിഷ്ടതകൾ, പുണ്യപ്രവൃത്തികൾ ആദിയായ സകലതും തന്റെ ജീവിതം മുഴുവനും ഈ ഉദ്ദേശ്യസാദ്ധ്യത്തിനായി നിരന്തരം കാഴ്ചവെച്ചിരുന്നു. ബാഹ്യമായും അഭ്യന്തരമായും അതിവിശേഷമായ ആഘോഷത്തോടും ഒരുക്കത്തോടും കൂടി ൧൮൮൯ ജനുവരി ൧൦-ാംനു- പതിനാറാമത്തെ വയസ്സിൽ സഭാവസ്ത്രം സ്വീകരിച്ചു, ലൌകികസുഖാനുഭോഗങ്ങളെ പരിപൂൎണ്ണമായി പരിത്യജിച്ചുകൊണ്ടു മിശിഹായുടെ ജീവിതത്തെ വിശേഷവിധിയായി അനുകരിക്കുന്നതിനു ആരംഭിച്ചു. എല്ലാവൎക്കും ആശ്ചൎയ്യം ജനിക്കത്തക്കവിധം സകല പുണ്യങ്ങളുടേയും ഒരുത്തമ മാതൃകയായി നവസന്യാസജീവി

തം നയിച്ചു. പരിശുദ്ധ ദാരിദ്ര്യത്തിന്റെ അരൂപി പ്രത്യേകവിധം ഇവളിൽ പ്രശോഭിച്ചിരുന്നു. പ്രായക്കുറവു ഒരു തടസ്സമായിരുന്നെങ്കിലും പുണ്യപൂർണ്ണത അതിനെ പരിഹരിച്ചതിനാൽ ജ്ഞാനധ്യാനങ്ങളാൽ മുൻകൂട്ടി പ്രത്യേകവിധം തയാറായി ൧൮൯൦ സെപ്തംബർ ൮-ാംനു സ്വർഗ്ഗീയമായ പ്രസന്നതയോടും സന്തോഷത്തോടുംകൂടി സന്യാസവ്രതങ്ങളനുഷ്ഠിച്ചു. മ്ശിഹായുടെ മണവാട്ടികൾക്കു യോജിക്കത്തക്കവിധം അന്നു താൻ അപേക്ഷിച്ചതു്, ലോകം തനിക്കും താൻ ലോകത്തിനും മരിച്ചപോലെ ജീവിക്കുന്നതിനുള്ള ദിവ്യാനുഗ്രഹവും മ്ശിഹായുടെ നേരെയുള്ള അറുതിയില്ലാത്ത സ്നേഹവും തനിക്കു തരുന്നതിനായിരുന്നു. അവളുടെ പിന്നീടുള്ള ജീവിതകാലം സ്നേഹത്തിന്റെയും സ്വാത്മപരിത്യാഗത്തിന്റെയും പ്രവൃത്തികളാൽ പരിപൂർണ്ണമായിരുന്നു എന്നു തന്നെ പറയാം. ഭക്തിതീക്ഷ്ണതയുള്ള പട്ടക്കാർ വർദ്ധിക്കുന്നതിനും അവരിൽ പ്രേഷകാരൂപി ജനിക്കുന്നതിനും അപേക്ഷിക്കയും തന്റെ ജീവിതം അതിനായി ദൈവത്തിനു സമർപ്പിക്കയും ചെയ്തുവന്നിരുന്നതുകൂടാതെ നവസന്യാസിനികളുടെ ഗുരുനാഥയായ ഇവൾ അവരെക്കൊണ്ടും ഇപ്രകാരം ചെയ്യിച്ചിരുന്നു. ഇക്കാലങ്ങളിലൊക്കെയും മ്ശിഹായുടെ കൈപ്പുള്ള കാസായുടെ പങ്ക് അവൾക്കു കുറഞ്ഞിരുന്നില്ല. പരീക്ഷകൾ സംശയങ്ങൾ ശരീരാസ്വാസ്ഥ്യങ്ങൾ ആദിയായ വിവിധപീഡകൾ മാറി മാറി ബാധിച്ചിരുന്നെങ്കിലും ശിശുതുല്യമായി മ്ശിഹായിൽ ആശ്രയിച്ചിരുന്ന കൊച്ചുത്രേസ്യാക്കു യാതൊരു കലക്കവും ഉണ്ടായില്ല. അവളുടെ ഹൃദയം സമാധാനത്തിൽത്തന്നെ സ്ഥിതിചെയ്തിരുന്നു.

സ്നേഹത്തിന്റെയും സ്വാത്മപരിത്യാഗത്തിന്റെയും പ്രവൃത്തികളാൽ തന്റെ ജ്ഞാനമണവാട്ടി പരിപൂർണ്ണയായപ്പോൾ മ്ശിഹാ ഇവളെ സ്വർഗ്ഗരാജ്യത്തിൽ സ്വീകരിക്കുന്നതിനു് തിരുമനസ്സായി. ൧൮൯൬-ൽ ദുഃഖവെള്ളിയാഴ്ചദിവസം തന്റെ നെഞ്ചിൽ തുടങ്ങിയ വേദനയും ക്ഷീണവും വർദ്ധിക്കുംതോറും തന്റെ ദിവ്യമണവാളനെ അഭിമുഖമായി ദർശിപ്പാനുള്ള ആഗ്രഹം തന്റെ ഹൃദയത്തിൽ ഉജ്ജ്വലിപ്പാൻ തുടങ്ങി. ഇപ്രകാരം മാലാഖാമാർക്കൊത്തതും രക്തസാക്ഷികൾക്കൊത്തതുമായ ഒരു ജീവിതാനന്തരം കർമ്മലമലയിലെ ഈ വിശുദ്ധ ലീലി, ൧൮൯൭ സെപ്തംബർ ൩൦-ാംനു വ്യാഴാഴ്ച വൈകുന്നേരം ൭ മണി കഴിഞ്ഞു മ്ശിഹായുടെ സ്വർഗ്ഗീയ പൂന്തോപ്പിലേക്കു പറിച്ചുനടപ്പെട്ടു. ഒക്ടോബർ ൪-ാംനു ഈ വിശിഷ്ടയുടെ പൂജ്യശരീരം ലിഷേയിലെ കർമ്മലീത്താമഠംവക സിമിത്തേരിയിൽ ആഘോഷമായി സംസ്കരിക്കപ്പെടുകയും ചെയ്തു

൧൯൧൦-ൽ നാം പത്രോസ് പൗലോസു ശ്ലീഹന്മാരുടെ കവറിടം സന്ദർശിച്ചശേഷം യൂറോപ്പിൽ പല പട്ടണങ്ങളും ചുററിസ്സഞ്ചരിച്ച കൂട്ടത്തിൽ, പാരീസുപട്ടണവും അതിനോടു അടുത്തുള്ള ലിഷേ എന്ന ചെറിയ പട്ടണത്തിൽ ഈ ധന്യ താമസിച്ചിരുന്ന മഠവും ഇവരുടെ കുഴിമാടവും സന്ദർശിക്കയും, ശവസംസ്കാരസമയം ഈ ധന്യയുടെ കൈയിൽകൊടുത്തിരുന്ന ഒരു പച്ചക്കൊമ്പ് അതേസ്ഥിതിയിൽ യാതൊരു വ്യത്യാസവും കൂടാതിരിക്കുന്നതു ആ മഠംവക കപ്പേളയുടെ സങ്കീർത്തിയിൽനിന്നു്, നാം കൈയിൽ എടുത്തു കാണുകയും ചെയ്തു ൨൪-ാമത്തെ വയസ്സിൽ മരിച്ചു; മരിച്ചു ൨൬-ാംവർഷത്തിൽ ഇതാ ഭാഗ്യവതി എന്ന നാമകരണം ചെയ്യുന്നതിനു തിരുസഭ തീർച്ചയാക്കിയിരിക്കുന്നു. ഇത്രവേഗം ഈ ഭാഗ്യസ്ഥാനത്തേക്കുയർത്തപ്പെടുന്നതിനു് ഇടയായിട്ടുള്ള പരിശുദ്ധന്മാർ വളരെ അപൂർവ്വമാണു്. ഈ ധന്യയെ ഈ ഉന്നതപദത്തിലേക്കു ഇത്രവേഗം ഉയർത്തുന്നതു്, ഇവരുടെ മാദ്ധ്യസ്ഥംമൂലം നടക്കുന്ന അതിസ്വാഭാവികമായ അത്ഭുത സംഭവങ്ങളുടെ ബഹുത്വംനിമിത്തമാണെന്നു പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ലല്ലൊ. സാധാരണന്മാർക്കു മാതൃകയായി സ്വീകരിക്കാൻ വിഷമം തോന്നത്തക്കവണ്ണം ആശ്ചര്യജനകമായ യാതൊരു പുണ്യാഭ്യാസവും ഇവരിൽ കാണ്മാനില്ല. പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള ഈ ധന്യയുടെ 'കുറുക്കുവഴി' നാം പഠിച്ചിരിക്കേണ്ടതുതന്നെയാണു്. ഇവരുടെ നിഷ്കളങ്കതയും പ്രസന്ന

തയും സ്വാത്മപരിത്യാഗവും പ്രത്യേകം ഭരണകൎത്താക്കളോടു സകലത്തിലും, തുറന്ന ഹൃദയത്തോടുകൂടി, കളങ്കരഹിതമായി വൎത്തിക്കുന്ന രീതിയും, ഈശോയുടെ ദിവ്യകാരുണ്യഹൃദയത്തോടും അവിടുത്തെ മാതാവിനോടുമുള്ള വിശേഷ ഭക്തിയും, ലൌകികൎക്കും, വൈദികൎക്കും, സന്യാസികൾക്കും ഒരുപോലെ അനുകരണീയമാകുന്നു.

## പരിശുദ്ധ മറിയത്തെ ബഹുമാനിക്കുന്നതു ന്യായമോ?

(സുമാൎഗ്ഗപ്രകാശിക)

നമ്മുടെ കൎത്താവായ ഈശോമ്ശിഹായെ നിഷ്കളങ്കമായി ആരാധിക്കയും സ്നേഹിക്കയും ചെയ്യുന്നവർ, തന്നോടു സഹവാസം ഉണ്ടായിരുന്ന സകല വസ്തുക്കളേയും പൂജ്യതയോടെ വിചാരിക്കയും, ഭൂമിയിൽ തനിക്കു അടുപ്പവും പ്രിയവും ഉള്ളവരായിരുന്ന ആളുകളെല്ലാവരുടെയും നേരെ സ്നേഹം ഉള്ളവരായിരിക്കയും ചെയ്യുന്നു. സൂൎയ്യനു ചുററുമായി ഏററവും അടുത്തു തിരിയുന്ന ഗ്രഹങ്ങൾക്കു് അതിന്റെ വെളിച്ചവും ചൂടും ഏററവും അധികം ലഭിക്കുന്നപോലെതന്നെ, മേൽപറഞ്ഞ ആളുകൾക്കു നമ്മുടെ രക്ഷിതാവിനോടുള്ള ഗാഢസൌഹാൎദ്ദം അധികമാകുംതോറും അവർ നമ്മുടെ അഭിമാനത്തിൽ അധികം വിശുദ്ധിയുള്ളവരായി കാണപ്പെടുന്നു.

യെഹൂദാ രാജ്യത്തിലെ മണ്ണിൽ തന്നെയും ക്രിസ്ത്യാനികളുടെ ദൃഷ്ടിയിൽ എന്തൊ ശുദ്ധമാക്കപ്പെട്ട ഒരു വസ്തുവുണ്ടു്. എന്തുകൊണ്ടെന്നാൽ, അതു സ്തുതിക്കപ്പെട്ട നമ്മുടെ രക്ഷകന്റെ കാലടികൾ പതിഞ്ഞിട്ടുള്ളതാകുന്നു. ബെത്ലെഹേമിൽ ഉള്ള ഗുഹയിൽ നാം പ്രവേശിക്കുന്നതു് എത്ര ഭക്തിയുള്ള കാലടികളോടുകൂടെയാകുന്നു. എന്തുകൊണ്ടെന്നാൽ, അവിടെയായിരുന്നു ലോകരക്ഷിതാവു ജനിച്ചതു്. താൻ ബാല്യപ്രായത്തിന്റെ ദിവസങ്ങൾ ചിലവഴിച്ചതു നസറസിലായിരുന്നു എന്നു നാം സ്മരിക്കുമ്പോൾ, അതിന്റെ തെരുവുകളിൽ നാം ചവിട്ടുന്നതു് എത്ര ഭക്തിയുള്ള ആചാരത്തോടുകൂടിയാകുന്നു. താൻ തന്റെ തിരുരക്തത്താൽ നമ്മുടെ ആത്മാവുകളെ വീണ്ടുകൊള്ളുന്നതിനുള്ള വിലകൊടുത്ത സ്ഥലമായ കാൽവെറി മലമുകളിൽ നാം കയറുമ്പോൾ, നമ്മുടെ ഹൃദയങ്ങൾ എത്ര ഗംഭീരമായ ദൈവഭയഭക്തികൊണ്ടു നിറയുന്നു.

എന്നാൽ ജീവനില്ലാത്ത ആ മണ്ണിനു ഇത്രവളരെ ഭക്തിക്കു് അവകാശമുണ്ടെങ്കിൽ, ഭൂമിയിൽ നമ്മുടെ രക്ഷിതാവിന്റെ സ്നേഹിതന്മാരും സഖികളും ആയിരുന്ന ജീവനോടുകൂടിയ ആളുകളെക്കുറിച്ചു നമ്മുടെ ഹൃദയത്തിൽ എത്രയധികം ഭയഭക്തി ഉജ്വലിക്കേണ്ടതാകുന്നു! താൻ ആരുടെയെങ്കിലും സമീപം ചെന്നാൽ അവരുടെമേൽ ശുഭമായും ആകൎഷകമായും ഒരു പ്രാഭവം പ്രവൎത്തിച്ചിരുന്നു എന്നു നാം അറിയുന്നു. "ശക്തി തന്നിൽനിന്നു പുറപ്പെട്ടു എല്ലാവരേയും സൌഖ്യമാക്കിയതുകൊണ്ടു പുരുഷാരമെല്ലാം തന്നെ തൊടുവാനായി ശ്രമിച്ചു." (ലൂക്കോ. ൬; ൧൯). ഇതുപോലെ ആയിരുന്നു രക്തസ്രാവത്താൽ ഉപദ്രവിക്കപ്പെട്ടിരുന്ന ആ സ്ത്രീക്കു സംഭവിച്ചതു്. (മത്താ. ൯. ൨൦)

ശമരിയക്കാരിയായ ആ സ്ത്രീയോടുകൂടെ സംഭാഷണം ചെയ്യുന്നതിനോ, സഖേയൂസിന്റെ മേശമേൽവച്ചു ഭക്ഷിക്കുന്നതിനോ, നിക്കോദേമൂസിനാൽ ക്ഷണിക്കപ്പെടുന്നതിനൊ മാത്രമുള്ള ഭാഗ്യം നമുക്കുണ്ടായിരുന്നുഎങ്കിൽ, നാം നിസ്സംശയമായി മിശിഹായോടു അടുത്തിരിക്കുമെന്നു നമുക്കു തോന്നുന്നു. എന്നാൽ ലാസർ, മറിയം, മത്താ, യോഹന്നാൻ മാംദാ

നാ, അല്ലെങ്കിൽ അപ്പസ്തോലന്മാർ എന്നിങ്ങനെയുള്ള തന്റെ അടുത്ത സ്നേഹിതന്മാരുടെ ഗണത്തിലേക്കു നാം പ്രവേശിക്കുന്നു എങ്കിൽ, അവരുടെ സഹവാസത്തിൽ നാം മിശിഹായോടു കുറേക്കൂടെ സമീപിക്കുന്നു എന്നും, അവൾക്കു തന്നോടുള്ള അടുത്ത സംബന്ധങ്ങളിൽ നിന്നു ധാരാളമായി ലഭിച്ചിട്ടുണ്ടായിരിക്കേണ്ടുന്ന ആ പ്രഭാവത്തെ ഏതാനും നാം ആസ്വദിക്കയും ചെയ്യുമായിരുന്നു എന്നും നമുക്കു അറിയാവുന്നതായിരിക്കും.

എന്നാൽ, യെഹൂദാനാടു വിശുദ്ധമാക്കപ്പെട്ട ഒരു ഭൂമിയാണെന്നു, മിശിഹാ അവിടെ വസിച്ചതിനാൽ, നാം വിചാരിക്കുന്നുവെങ്കിൽ; തന്റെ അവസാനവൎഷങ്ങളിൽ അപ്പസ്തോലന്മാർ നമ്മുടെ കൎത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ട സഖികളും ശിഷ്യന്മാരും ആയിരുന്നതിനാൽ വിശുദ്ധിയുടെ മാതൃകകളായി അവർ വിചാരിക്കപ്പെടുന്നു എങ്കിൽ; തന്നെ പ്രസവിക്കയും, തന്റെ മാർവിടം ഉപധാനം ആയിരിക്കയും, തന്റെ ശൈശവത്തിൽ തന്നെ പരിപാലിക്കയും വസ്ത്രം ധരിപ്പിക്കയും, തന്റെ ബാല്യകാലത്തിലെ കാലടികൾക്കു മാൎഗ്ഗദൎശിനിയായിരിക്കയും, തന്റെ പ്രവാസത്തിൽ എജിപ്തിലേക്കും അവിടെനിന്നു തിരികെയും തന്നോടുകൂടെ പോകയും, ശൈശവം മുതൽ ബാല്യംവരെയും, ബാല്യം മുതൽ പുരുഷപ്രായംവരെയും തന്നോടുകൂടെ വസിക്കയും, ആ കാലമെല്ലാം തന്റെ ചുണ്ടുകളിൽനിന്നും പുറപ്പെട്ട ജ്ഞാനത്തിന്റെ വചനങ്ങളെ കേൾക്കയും, തന്റെ ജനനസമയത്തു ആദ്യമായി തന്നെ ആശ്ലേഷിക്കയും, കാൽവെറി മലയിൽവെച്ചു തന്റെ മരണസമയത്തുള്ള ശ്വാസത്തെ അവസാനമായി കൈക്കൊൾകയും ചെയ്ത മറിയത്തിന്റെ പരിശുദ്ധത എത്ര അദ്വിതീയമായിരിക്കേണ്ടതാകുന്നു. ഈ വിചാരം നമുക്കു അത്യന്തം സ്വാഭാവികമാകയാൽ, സുവിശേഷത്തിൽ പറയപ്പെട്ടിരിക്കുന്ന സ്ത്രീയുടെ ചുണ്ടുകളിൽനിന്നും അതു സ്വയമായി പുറപ്പെട്ടതു നാം കാണുന്നു. അവൾ ജ്ഞാനത്തിന്റെയും പരിശുദ്ധതയുടെയും പൂൎണ്ണതയോടുകൂടിയ രക്ഷിതാവിന്റെ വചനങ്ങളെ കേട്ടപ്പോൾ, അവളുടെ സ്വരം ഉയൎത്തി "നിന്നെ ധരിച്ച ഗൎഭപാത്രവും നിന്നെ കുടിപ്പിച്ച മാർവിടങ്ങളും അനുഗ്രഹിക്കപ്പെട്ടവയാകുന്നു എന്നു തന്നോടു പറഞ്ഞു."

സി. അന്തപ്പായി ബി. ഏ.

## ഒരു പ്രാൎത്ഥന.

1 സത്യദൈവകുമാരനാം നിജപുത്രനെപ്പരിചോടു നീ
വൃദ്ധനാം ശിമയോൻ കരത്തിലണച്ചു കാഴ്ചകൊടുക്കവേ
"എത്രയും കൊടുതായ വാൾ നിജശങ്കിലെത്തിടു"മെന്നു കേ-
ട്ടുത്തലാലകതാരുവാടിയ പാലകി! പരിപാഹിമാം.

2 ദുഷ്ടഭൂപതി തന്നസിക്കിരയായിടാതെ കുമാരനെ-
ത്തുഷ്ടിയോടുകരത്തിലേന്തി യെജീപ്തിലേക്കതിശീഘ്രമായ്
ഇഷ്ടനാം വരനോടുമൊത്തുകഴിച്ചൊരാ വഴിയാത്രയിൽ
കഷ്ടതയ്ക്കു വിധേയയായൊരു പാലകി! പരിപാഹിമാം!

3 ആറുരണ്ടുവയസ്സുചേൎന്നു ചെറുപ്പകാലമതിങ്കല-
ക്കൂറെഴും സുതനേ മനസ്സറിയാതെ വിട്ടുപിരിഞ്ഞു നീ
നൂറുവത്സരമെന്നപോൽ പരിതാപവഹ്നിയിലാണ്ടകം
നീറി മൂന്നുദിനം കഴിച്ചൊരു പാലകീ! പരിപാഹിമാം!

4 മർത്ത്യവർഗ്ഗമതിൻെറ പാപഭരത്തിനാല്തികട്ടിയായ്–
തീർത്തൊരക്കുരിശ്ശും ചുമന്നു "ജരുശ്ശലേം" തെരുവീഥിയിൽ
ഗാത്രമൊട്ടുതളൎന്നിഴഞ്ഞു നടന്ന പൊന്മകനേശുവെ–
പ്പാർത്തുതൻഹൃദയംതകൎന്നൊരു പാലകി! പരിപാഹിമാം!

5 പുത്രനെക്കുരിശോടുകൂടിയുയർത്തിനാട്ടിയ കാഴ്ചയാ–
ലെത്രയും പരിതപ്തയായ് ക്കുരിശിൻചുവട്ടിലിരിക്കവേ
മർത്ത്യരക്ഷകനേശുതൻെറ മനുഷ്യമക്കളെയാകവേ
പുത്രരായി നിനക്കു നൽകിയ പാലകി! പരിപാഹിമാം!

6 പാടുപെട്ടു തകൎന്നൊരത്തിരുമേനിയേ ഹത ജീവനാ–
യാടലോടു കരത്തിലേന്തി മടിക്കകത്തു കിടത്തി നീ
ച്ചുടെഴും തവകണ്ണുനീർക്കണമായൊരച്ചെറുമുത്തുകൾ
മോടിയോടു പതിച്ചുകേണൊരു പാലകി! പരിപാഹിമാം!

7 ഏകപുത്രനനന്ത പാടുകളേററു ദേഹി വെടിഞ്ഞു ഹാ!
ലോകമാകെ ഭയംകലൎന്നു വിറച്ചിരുന്നൊരു രാത്രിയിൽ
ഏകയായ് മകനേ നിനച്ചുമനംതകൎന്നു കരഞ്ഞുകൊ–
ണ്ടാകുലാബ്ധിയിലാണ്ടു വാണൊരു പാലകീ! പരിപാഹിമാം!

മേരി ജോൺ തോട്ടം.

## ത്രേസ്യാപുണ്യവതിയുടെ കൃതികൾ.

I.

സന്ന്യാസജീവിതത്തിൻെറ ഉത്തമമാതൃകയും കർമ്മലീത്താസഭയുടെ സംസ്കാരകർത്രിയുമായ വി. ത്രേസ്യാപുണ്യവതി വിശ്രുതയായ ഒരു ഗ്രന്ഥകർത്രിയും കൂടിയാണെന്നുള്ളതു സുപ്രസിദ്ധമാണല്ലോ.

ജീവചരിത്രം (Life) "അഭ്യന്തരഹർമ്മ്യം" (Interior castle) പുണ്യപൂർണ്ണതാപദ്ധതി (Way of Perfection ഗീതഗീതങ്ങളുടെ വ്യാഖ്യാനം (Commentary on the Canticle of Canticles) ഇവയത്രെ പുണ്യവതിയുടെ പ്രധാനകൃതികൾ. ഇതിനുപുറമെ ഈ വിശുദ്ധയുടെ വക ഒട്ടേറെ എഴുത്തുകളും കവനങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ പലതും ഇംഗ്ലീഷിലേക്കു പരിവർത്തനം ചെയ്യിട്ടുണ്ടെന്നു തോന്നുന്നില്ല. കവിതകൾ അതീവരസസ്ഫുരിതങ്ങളും ശ്രുതിമധുരങ്ങളുമെന്നു ആസ്വാദിച്ചിട്ടുള്ളവർ പറയുന്നു.

'ജീവചരിത്ര'ത്തിൽ പുണ്യവതിയുടെ സ്വന്തം ചരിത്രം തന്നേയാണു അടങ്ങിയിരിക്കുന്നത്. നമുക്കു ലഭിച്ചിട്ടുള്ള സ്വയം ജീവചരിത്രഗ്രന്ഥ (Autobiographies) ങ്ങളിൽ വച്ചു വി. അഗുസ്തീനോസിൻെറ 'പാപസങ്കീർത്തനങ്ങൾ' (Confessions) കഴിഞ്ഞാൽ ഇതു പ്രഥമസ്ഥാനം അർഹിക്കുന്നു എന്നു ഡാക്ടർ ബെയിലററ് പറയുന്നു. പുണ്യവതിയുടെ മരണത്തിനു ഇരുപതു കൊല്ലം മുമ്പ് ൧൫൬൨–ൽ തൻെറ കുമ്പസാരക്കാരൻെറ കല്പനയനുസരിച്ചാണു ഇതു വിരചിതമായതു്. ഇതിൽ ബാല്യപ്രായത്തിൽ, നോവലുകൾ വായിക്കമൂലം പുണ്യത്തിൽ തനിക്കു ഭവിച്ച മന്ദത, തൻെറ പിതാവിൻെറ സൌശീല്യാദി സൽഗുണങ്ങൾ, തൻെറ താപസജീവിതത്തിൻെറ ആദിമഘട്ടങ്ങളിൽ സംബന്ധികളോടും സന്ദർശകന്മാരോടും മററു പുറത്തുള്ളവ

രോട്ടും അധികമായി സംസാരിക്കയാൽ ജപധ്യാനങ്ങളിൽ നേരിട്ട അന്യചിന്തകൾ അരോചകങ്ങൾ ഇവയെ പാരമാർത്ഥ്യബുദ്ധ്യാ നിർദ്ദേശിച്ചിരിക്കുന്നു. ഈ വിശിഷ്ടഗ്രന്ഥത്തോട്ട പലേവിധത്തിൽ സാമ്യമുള്ള ഒന്നാണ്, കർമ്മേലോദ്യാനത്തിൽ നമ്മുടെ സമകാലീനയായി വികസിച്ച തൻെറ ആത്മീയാത്മജയായ ഈശോയുടെ ചെറുകുസുമമായ കൊച്ചുത്രേസ്യായാൽ വിരചിതമായ സ്വയംജീവചരിത്രം. വി. പ്ലിപ്പ് നേരിപുണ്യവാൻെറ സഭക്കാരനായ ബൊർട്ടിനി എന്ന മെത്രാപ്പോലീത്താ അമ്മത്രേസ്യായുടെ ഈ ജീവചരിത്രം ഇററാല്യൻഭാഷയിൽ പരിഭാഷപ്പെടുത്തി എട്ടാമത്തേ ക്ലെമെൻറു മാർപ്പാപ്പായിക്കു സമപ്പിച്ചതിൻെറ ഉപോൽഘാതയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "പുണ്യവതിയായ ഈശോയുടെ ത്രേസ്യാ അമ്മയുടെ പുസ്തകങ്ങൾ ഞാൻ പലപ്രാവശ്യം ശ്രദ്ധാപൂർവ്വം വായിച്ചതിൽ, ദിവ്യബോധജ്ഞാനത്തിൻെറ നിക്ഷേപമാണു അവയെന്നു എനിക്കു ബോദ്ധ്യപ്പെട്ടു. തന്നിമിത്തം ലോകത്തിനു ഇതുകൊണ്ടു പ്രയോജനം സിദ്ധിക്കുമെന്നു ഞാൻ തീർച്ചപ്പെടുത്തി. ഈ കാലങ്ങളിൽ അനേകരിൽ കെട്ടുപോയ ഉപവിയുടെ ജ്വാലയേ ഉദ്ദീപിപ്പിക്കുന്നതിനു റൂഹാദക്കുദശാതമ്പുരാൻെറ പ്രത്യേക പരിപാലനയാൽ ഈ ദീപത്തെ തെളിയിച്ചുവെന്നു ഞാൻ ഉറപ്പായിട്ടു വിശ്വസിക്കുന്നു."

ബ്രേമനഗരവാസിയായ ഒരു പാഷണ്ഡിക്കു സംഭവിച്ചതു ഇത്തരുണത്തിൽ പ്രസ്താവ്യമായിരിക്കുന്നു. സത്യവേദത്തിനെതിരായി അനവധി ദുഷ്കൃതികളെ ചമച്ച ഈ പാഷണ്ഡശാസ്ത്രജ്ഞൻ വി. അമ്മത്രേസ്യായുടെ ശ്രുതി പ്രതിദിനം വർദ്ധിച്ചുവരുന്നതുകണ്ടു പുണ്യവതിയുടെ ജീവചരിത്ര പുസ്തകത്തേ ഖണ്ഡിച്ചു ഒരു പ്രത്യാഖ്യാനം എഴുതുവാൻ നിശ്ചയിച്ചു. എന്നാൽ ഒരു മാസത്തിൽ എഴുതിത്തീർക്കുന്നതെല്ലാം നിഷ്പ്രയോജനമെന്നുകണ്ടു പിറേറമാസത്തിൽ നശിപ്പിച്ചുകളകയാണു ചെയ്യുതു്. ഇങ്ങനെ മൂന്നു വഷക്കാലം യുദ്ധംചെയ്തുനോക്കി. കടശി ൧൬൭൮-ാംകാലം ദൈവജനനിയുടെ ശുദ്ധീകരണത്തിരുനാൾ ദിവസം അദ്ദേഹം തൻെറ കുററം അനുസരിക്കയും, അമ്മ ത്രേസ്യായുടെ പുണ്യത്വം അംഗീകരിക്കയും, പാഷണ്ഡമതം ഉപേക്ഷിച്ചു കത്തോലിക്കാസഭയിൽ പ്രവേശിക്കുകയും ചെയ്തു.

ഫാദർ മാത്യു, പുതിയിടം.

# ദൈവജനനിയും ദിവ്യകാരുണ്യസ്വീകരണവും.

വി. ഫ്രാൻസീസ് ബോർജ്യായുടെ ദൃഷ്ടാന്തത്തിനു തക്കവണ്ണം, നീ കുർബാന കൈക്കൊള്ളുന്നതിൻെറ തലേദിനം പരിശുദ്ധ കന്യകയോട്ടു, തൻെറ തിരുക്കുമാരനു യോഗ്യമായ ഒരു വാസസ്ഥലം നിൻെറ ഹൃദയത്തിൽ തയാറാക്കുന്നതിനു പ്രാർത്ഥിക്കണം. ഇതിനായി നിൻെറ വൈകിട്ടത്തെ ആത്മശോധന കഴിഞ്ഞു, മൂന്നു 'നന്മനിറഞ്ഞ മറിയം' ചൊല്ലുക. പരിശുദ്ധ കന്യക, മനുഷ്യാവതാരത്തിലൊ, ദിവ്യകാരുണ്യത്തിലൊ വീണ്ടും ദിവ്യവചനത്തെ കൈക്കൊള്ളുന്നതായിരുന്നാൽ അങ്ങേ ഹൃദയത്തെ ഏതുപ്രകാരമുള്ള പുണ്യങ്ങളാൽ അലംകൃതമാക്കുമായിരുന്നൊ ആ പുണ്യങ്ങളിന്മേൽ ധ്യാനിച്ചുകൊണ്ടു തൻെറ ഭക്തിയെ ഉജ്ജ്വലിപ്പിച്ചിരുന്ന, ഈശോസഭക്കാരനായ റോബർട്ട് സൌതെൽ എന്ന വിശ്രുത വേദസാക്ഷിയെ നീയും അനുകരിക്ക.

നീ ഈ ദിവ്യവിരുന്നിന്നണയുകയിൽ, പരിശുദ്ധ മാതാവു നിന്നോടുകൂടെവന്നു നിൻെറ സകല പ്രവൃത്തികളെയും വിധിക്കുന്നതായി വിചാരിക്ക. സിസ്റ്റേഷ്യൻ സഭയിലെ ഒരു കന്യാസ്ത്രീയായി

രുന്ന ല്യൂത്ത്ഗാർദ്ദുപുണ്യവതിക്കും, അതിഭയമുള്ള ഒരു മനസ്സാക്ഷി കാരണത്താൽ ദിവ്യകാരുണ്യമുൾക്കൊള്ളാതിരുന്ന മെസ്സീനായിലെ ഒരു ഫ്രാൻസിസ്കോസ് സഭക്കാരത്തിയായിരുന്ന എവുസുക്യാനാ പുണ്യവതിക്കും തന്റെ കാപ്പ വിരിച്ചു കൊടുത്തതുപോലെ നിനക്കും അതിനെ വിരിച്ചു തരുന്നതിനപേക്ഷിക്ക. ബനദിക്തോസുസഭക്കാരായ കന്യാസ്ത്രീകളുടെ ഒരു ആശ്രമത്തിന്റെ ശ്രേഷ്ഠത്തിയായിരുന്ന ജെർത്രൂദ പുണ്യവതി ഒരു ദിവസം പരിശുദ്ധ കന്യക തന്റെ കന്യാസ്ത്രീകളെല്ലാവരെയും അങ്ങേ കാപ്പകൊണ്ടു മൂടി ഓരോരുത്തരെ പീഠത്തിങ്കൽ കൊണ്ടുപോയി, "എന്റെ ഏത്രയും പ്രിയപ്പെട്ട മകനെ, എന്നെക്കുറിച്ചു ഈ ആത്മാവിന്റെമേൽ ദയയോടെ കടാക്ഷിക്കുവാൻ തിരുമനസ്സാകണമെ" എന്നു അപേക്ഷിക്കുന്നതിനെ കണ്ടു. നമ്മുടെ കത്താവിന്റെ തിരുശരീരത്തെ നിന്റെ നാവിന്മേൽ വെക്കുമ്പോൾ ദൈവജനനി തന്നെ ഇപ്രകാരം പറഞ്ഞുകൊണ്ടു അതിനെ നിനക്കു തരുന്നു എന്നു വിചാരിക്ക,



അതായത്: "ഇതാ നിനക്കുവേണ്ടി ഞാൻ പ്രസവിച്ച ദിവ്യചെമ്മരിയാട്ടിൻകുട്ടി; ഇതാ നിനക്കുവേണ്ടി ഞാൻ പാലൂട്ടിവളത്തിയ എന്റെ ഏകതിരുക്കുമാരൻ." അനന്തരം, ഇത്ര പ്രിയമുള്ള മാതാവിന്റെ കയ്യിൽ നിന്നു ഏത്രയും വലിയ വണക്കത്തോടുകൂടെ തന്നെ കൈക്കൊണ്ടു, അത്യഗാധമായ എളിമയോടുകൂടെ ആരാധിക്കയും "എന്റെ സ്നേഹിക്കപ്പെട്ടവൻ എന്റെയും ഞാൻ അയാളുടെയുമാകുന്നു" (പാട്ടു ൨. ൧൬.) "എന്റെ കത്താവേ! എന്റെ ദൈവമേ!" (യോഹ. ൨൦. ൨൮) എന്നു വീണ്ടും വീണ്ടും ചൊല്ലിക്കൊണ്ടു നിന്റെ ഹൃദയത്തിൽ സ്നേഹത്തോടെ തന്നെ തഴുകുകയും ചെയ്യു.

നീ ദിവ്യകാരുണ്യമുൾക്കൊണ്ട ശേഷം, ദൈവം മാനുഷാവതാരം ചെയ്തപ്പോൾ പരിശുദ്ധ കന്യകയുടെ ഹൃദയത്തെ പൂരിച്ച ഏത്രയും മധുരമുള്ള ഭക്തിപക്ഷങ്ങളെ നിന്റെ ഓർമ്മയിൽ വരുത്തുക. മാതാവും പുത്രനുമായിട്ടുള്ള സ്നേഹസംഭാഷണത്തിന്നു നീ ചെവി കൊടുത്തു അവയിന്മേൽ ധ്യാനിക്ക. പരിശുദ്ധ കന്യക ഏത്ര എരിവോടുകൂടെ ആരാധനാർഹമായ ത്രിത്വത്തിനു സ്തോത്രം ചെയ്തുവെന്നോക്കുക. തന്റെ സ്നേഹപരവശതയേയും ആനന്ദവിവശതയേയും നീ ചിന്തിച്ചുകൊൾക.

ഓ എന്റെ ആത്മാവെ! ആ സ്നേഹത്തേയും സന്തോഷത്തേയും നീ അല്പം രസിച്ചിരുന്നെങ്കിൽ നീ ഇപ്പോഴത്തേപ്പോലെ ഇത്ര തണുപ്പുള്ളതു ആകയില്ലായിരുന്നു. നിന്നെത്തന്നെ എരിവുപെടുത്തുന്നതിലേക്കായി, പരിശുദ്ധമാതാവിനോട്ട് സംയോജിച്ച്, "ശക്തനായിരിക്കുന്നവൻ എന്നിൽ വലിയകാര്യങ്ങളെ ചെയ്തു" എന്നു കൂടെക്കൂടെ ചൊല്ലിക്കൊണ്ടു, തന്നോടുകൂടെ "എന്റെ ആത്മാവു കത്താവിനെ മഹത്വപ്പെടുത്തുന്നു" എന്നീ സംഗീതം പാടുക.

ദൈവത്തിന്നു സ്തോത്രം ചെയ്തശേഷം, ഈശോയുടെ മാതാവിന്റെ നേരെ തിരിഞ്ഞുകൊണ്ട് പാസ്കൽബൈലൻ എന്ന പുണ്യവാന്റെ സന്മാതൃകയ്ക്കു തക്കവണ്ണം നിന്റെ അപേക്ഷകളെ തന്റെ സന്നിധിയിൽ കാഴ്ചവെക്ക.

ഫാദർ മർസ്സലിൻ സി. ഡി.

---

അറിവിനുവേണ്ടിമാത്രം അറിവുസമ്പാദിക്കുന്നതു നിഗളവും ആത്മാവിന്റെ നാശവുമാകുന്നു. ഇങ്ങനെയായാൽ നീ അറിവിന്റെ അടിമയായിത്തീരുന്നു, അതിന്റെ ഉടമസ്ഥനാകുന്നില്ല.

വളരെപ്പേർ ഇന്ദ്രിയസുഖങ്ങളാൽ ആകഷിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അവർ ആത്മാവിന്റെ സന്തോഷങ്ങളെ അനുഭവിച്ചിട്ടില്ല.

ജി. പലാവു്.

# വി. ഗബ്രിയേൽ പൊസേന്തി.

ക്രിസ്ത്വാബ്ദം ൧൮൯൨ ഒക്ടോബർമാസം ൧൭-ാംനു- ഇററലിയിൽ ഇസോല എന്ന പട്ടണത്തിനു സമീപേയുള്ള നാട്ടുമ്പുറങ്ങളിൽ നിവസിച്ചിരുന്ന ജനങ്ങൾക്കു ഒരു മഹോത്സവ ദിനമായിരുന്നു. മുപ്പതു കൊല്ലങ്ങൾക്കു മുൻപു ആ ദേശത്തുണ്ടായിരുന്ന ഒരു പാഷ്യനിസ്റ്റ് ആശ്രമത്തിൽ ചേൎന്നു അജ്ഞാതമായ ജീവിതം നയിച്ചു് യൌവനപ്രായത്തിൽതന്നെ ഇഹലോകവാസം വെടിഞ്ഞ ഒരു യുവാവിന്റെ ശവകുടീരത്തെ പരിശോധിക്കുന്നതിനും അദ്ദേഹത്തിന്റെ ശേഷിപ്പുകളെ രേഖപ്പെടുത്തുന്നതിനുമായി മതാദ്ധ്യക്ഷന്മാരാൽ നിയമിക്കപ്പെട്ട വൈദികസംഘം പ്രസ്തുത സ്ഥലത്തെ സന്ദൎശിക്കുന്നതിനു നിശ്ചയിച്ചിരുന്ന ഈ ദിവസം തദ്ദേശവാസികളായ ജനങ്ങൾക്കെത്രമാസന്തോഷപ്രദമായിരുന്നുവെന്നതു് ഊഹ്യമാണല്ലോ. അന്വേഷണസംഘക്കാർ അവരുടെ ജോലി എത്രയും നിഗ്രുഢമായ വിധത്തിൽ നിർവഹിക്കണമെന്നു അധികൃതന്മാർ പ്രത്യേകം ചട്ടംകെട്ടുകൾ ചെയ്തിരുന്നു. ഒരു കാലത്തു പാഷ്യനിസ്റ്റ് സന്യാസികളുടെ വക ഒരു വിശേഷപ്പെട്ട ഭവനവും അതിമനോഹരമായ ഒരു ദേവാലയവും വിളങ്ങിയിരുന്ന ആ സ്ഥലം മതവൈരികളായ രാജാക്കന്മാരുടെ അക്രമങ്ങൾനിമിത്തം ഒരു വിജനസ്ഥലമായി പകൎന്നിരുന്നതിനാൽ അന്വേഷണസംഘക്കാർ അവരുടെ ജോലി രഹസ്യമായി നിർവഹിക്കുന്നതിനു യാതൊരു വിഘ്നവും കണ്ടില്ല. എന്നാൽ അവർ ആ സ്ഥലത്തോടടുത്തപ്പോൾ കണ്ട കാഴ്ച പ്രതീക്ഷയിൽനിന്നു ഏററവും വ്യത്യസ്തമായ ഒന്നായിരുന്നു.

അവരുടെ രഹസ്യം നാടൊട്ടുക്കു പരന്നിട്ടോ എന്തോ ഏറിയനാളായി ജനങ്ങളുടെ പാദസ്പൎശനം ഏററിട്ടില്ലാത്തതും ജീൎണ്ണിച്ചു നിലംപതിക്കാറായിക്കിടന്നിരുന്നതുമായ ആ ആശ്രമത്തിലേക്കുള്ള വഴികൾ മണൽ വാരിയിട്ടാൽ താഴവാൻ പാടില്ലാത്തവിധം ജനാവലിയാൽ നിബിഡമായിക്കണ്ടു. അവർ പാടിയിരുന്ന കൎണ്ണാനന്ദകരങ്ങളായ ഗാനങ്ങളുടെ ശ്രുതിമധുരങ്ങളായ ധ്വനികൾ നഭോമണ്ഡലത്തിൽ സർവ്വത്ര മാറേറാലികൊണ്ടിരുന്നു. ആ വന്ദ്യപുരോഹിതന്മാരെ കണ്ട മാത്രയിൽ "ഞങ്ങളുടെ പുണ്യവാന്റെ ശരീരത്തെ ആരും കൊണ്ടുപോകാതെ സൂക്ഷിക്കുന്നതിനാണ് ഞങ്ങൾ ഇവിടെ കൂടിയിരിക്കുന്നതു്" എന്നവർ ഏകസ്വരത്തിൽ നിലവിളിച്ചു പറഞ്ഞു. എങ്കിലും അന്വേഷകസംഘക്കാർ പുരുഷാരത്തെ ഒരുവിധം സമ്മതിപ്പിച്ചശേഷം ജനപ്രതിനിധികളുമൊരുമിച്ചു അകത്തു പ്രവേശിച്ചു ദേവാലയത്തിന്റെ വാതൽ അടച്ചു ബന്ധിച്ചു് പരിശോധനകൾ മുറസ്സാരംഭിച്ചു. പല മണിക്കൂറുകൾ കഴിഞ്ഞശേഷം വാതൽ വീണ്ടും തുറക്കപ്പെടുകയും പൂട്ടി മുദ്രവെക്കപ്പെട്ടിരുന്ന പുണ്യവാന്റെ ശേഷിപ്പുകൾ അടങ്ങിയ പെട്ടകം പുറത്തു അക്ഷമന്മാരായി കാത്തുനിന്നിരുന്ന ജനങ്ങളുടെ കാഴ്ചയ്ക്കായി പ്രതിഷ്ഠിക്കപ്പെടുകയുംചെയ്തു. അനന്തരം അവർ അതു ഇസോല പട്ടണത്തിലെ പള്ളിയിൽ പുതുതായി പണിചെയ്യപ്പെട്ടിരുന്ന കല്ലറയിൽ അടക്കം ചെയ്തു.

നിരവധി ജനങ്ങൾ, ജോലിത്തിരക്കുള്ള ഒരു കാലത്തു അവരുടെ സർവ്വവ്യാപാരങ്ങളേയും ഉപേക്ഷിച്ചു് മലയിടുക്കുകളിൽക്കൂടെ യാത്ര ചെയ്തു് ആ മലപ്രദേശത്തു വന്നു ഇത്ര വലിയ കോലാഹലങ്ങളെല്ലാം കാട്ടിക്കൂട്ടിയതു് തന്റെ ചുരുങ്ങിയ ജീവിതദശയിലാകട്ടെ മരണനേരത്തിലാകട്ടെ വിസ്മയനീയങ്ങളായ യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ലാത്ത ഗബ്രിയേൽ പൊസേന്തി എന്ന യുവാവിന്റെ നേരെയുള്ള അവരുടെ ഭക്തിസ്നേഹബഹുമാനാദരങ്ങളെ പ്രദൎശിപ്പിക്കുന്നതിനായിരുന്നു. ഇദ്ദേഹം ൧൮൩൮ മാർച്ചുമാസം ൧-ാംനു- അസീസി എന്ന പട്ടണത്തിൽ ഉൽകൃഷ്ടവംശജാതന്മാരും ധനവാന്മാരും സമുദായത്തിലെന്ന പോലെ ദൈവഭക്തിയിലും ഒരുയൎന്ന നിലയെ

പ്രാപിച്ചിരുന്നവരുമായ സാന്തെ, അഗ്നെസ് പൊരസേന്തി എന്ന മാതാപിതാക്കന്മാരിൽനിന്നു ജാതനായി. ഈ പൈതൽ ലോകരംഗത്തിൽ പ്രവേശിച്ച ദിവസംതന്നെ ജ്ഞാനസ്നാനത്താൽ ശുദ്ധീകരിക്കപ്പെടുകയും ഫ്രാൻസീസെന്നു നാമകരണം ചെയ്യപ്പെടുകയും ചെയ്തു. അസീസിയിലെ പുണ്യവാൻ എന്നു മറു നാമത്താൽ അറിയപ്പെടുന്ന വിശുദ്ധ ഫ്രാൻസിസ് ജ്ഞാനസ്നാനം കൈക്കൊണ്ട ആ സ്ഥലത്തു വച്ചുതന്നെ അദ്ദേഹത്തിന്റെ നാമധേയം സ്വീകരിച്ച് മാമ്മോദീസാ മുങ്ങുന്നതിനുള്ള ഭാഗ്യം ഈ ശിശുവിനു ലഭിച്ചുവെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

നമ്മുടെ നായകനു നാലു വയസ്സ് പ്രായമുള്ളപ്പോൾ, മാർപ്പാപ്പായുടെ കീഴിലുള്ള പല രാജ്യങ്ങളിലായി നാല്പതു കൊല്ലത്തോളം ഗവൺമെന്റുദ്യോഗം നോക്കി വലഞ്ഞ അദ്ദേഹത്തിന്റെ പിതാവ്, തന്നെ ആ ഭാരപ്പെട്ട ജോലിയിൽനിന്നു പിരിച്ചയയ്ക്കണമെന്നും കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ആയുസ്സിന്റെ അവസാനഘട്ടം വിനിയോഗിക്കുന്നതിനനുവദിക്കണമെന്നും അന്നു തിരുസഭയെ ഭാഗ്യമോടെ വാണിരുന്ന പതിനാറാം ഗ്രീഗോരിയോസു മാർപ്പാപ്പായോടു അപേക്ഷിക്കുകയും ആ തിരുമേനി ഈ വിശ്വസ്തദാസന്റെ അപേക്ഷ സദയം കൈക്കൊണ്ടു ചുമതല കുറഞ്ഞൊരുദ്യോഗം കൊടുത്തു സ്പൊലേത്തോ എന്ന സ്ഥലത്തേയ്ക്കയയ്ക്കുകയും ചെയ്തു. അവിടെ ചെന്നു അധികം കഴിയുന്നതിനു മുമ്പു ഫ്രാൻസീസിന്റെ അമ്മ ചരമഗതി പ്രാപിച്ചു. മാതാവിന്റെ ദേഹവിയോഗത്താൽ വ്യസനാക്രാന്തന്മാരായി ഭവിച്ച ഫ്രാൻസീസിനേയും സഹോദരന്മാരേയും ആശ്വസിപ്പിക്കുന്നതിനു പിതാവു കഴിയുന്നത്ര ശ്രമിച്ചു. ഗുണവതിയായ ഒരു സ്ത്രീയെ അവരുടെ ശുശ്രൂഷയ്ക്കായി ഏർപ്പെടുത്തി കൊടുത്തു. സൽഗുണങ്ങളുടെ ഒരു വിളനിലമായിരുന്ന അവൾ നിസ്സഹായരായ ആ കുട്ടികളെ പുത്രനിർവിശേഷമായ വാത്സല്യത്തോടുകൂടെ പരിരക്ഷിച്ചുപോന്നു. പുണ്യവതിയായ ആ ദത്തുമാതാവിന്റെ മേൽനോട്ടത്തിലും ലാളനയിലും വളർത്തപ്പെട്ട ബാലന്മാർ സൽസ്വഭാവികളായി ഭവിച്ചുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. പിതാവിന്റെ ഉത്തമമായ ജീവിതവും അവരുടെ സ്വഭാവരൂപീകരണത്തിനു വളരെ സഹായിച്ചു. അദ്ദേഹം അതിരാവിലെ എണീററു കുട്ടികളുമൊരുമിച്ച് പൂജ കാണുന്നതിനു ദേവാലയത്തിൽ പോയിരുന്നു. ജീവിതകാലത്തിൽ ഒരു ദിവസംപോലും കൊന്തനമസ്കാരം മുടക്കിയിരുന്നില്ല. ഈ ഭക്തകൃത്യത്തിൽ പങ്കുകൊള്ളാതെ നിദ്ര ചെയ്യുന്നതിനു കുട്ടികളെ ഒരിക്കലുമനുവദിച്ചിരുന്നുമില്ല. (തുടരും)

റവ. ജോസഫ് തെക്കേമുറി.

## പരിശുദ്ധ പിതാവും കത്തോലിക്കാ പത്രപ്രവർത്തനവും.

കത്തോലിക്കാമതാഭിവൃദ്ധിക്കുള്ള പ്രത്യേകോപകരണങ്ങളിൽ പ്രധാനമായ ഒന്നു പത്രപ്രവർത്തനമാണെന്നു കരുതി ഇക്കാലത്തുള്ള മതാഭിമാനികൾ തദ്വിഷയകമായി പൂർവ്വാധികം പ്രവർത്തിച്ചുവരുന്നതു സുപ്രസിദ്ധമാണല്ലോ. ആധുനികകാലങ്ങളിൽ സഭാഭരണം ചെയ്തിട്ടുള്ള ൧൩-ാം ലെയോൻ, പത്താംപീയൂസ്, പതിനഞ്ചാംബനഡിക്ടോസ് എന്നീ മാർപ്പാപ്പാമാർ പത്രപ്രവർത്തകന്മാരെ അവസരോചിതം ശ്ലാഘിക്കയും ആശീർവ്വദിക്കുകയും അവരുടെ ആ തൊഴിലിന്റെ പരിശുദ്ധിയും പ്രാമാണ്യവും കീർത്തിക്കുകയും സാധാരണമായിരുന്നു. ഈ പാരമ്പര്യത്തെ ആധുനിക മാർപ്പാപ്പാ തിരുമനസ്സു കൊണ്ടു പ്രശംസാർഹമാംവണ്ണം തുടർന്നുകൊ-

ണ്ടിരിക്കുന്നു. പത്രപ്രവത്തകന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള യാതൊരു അവസരവും തിരുമേനി നഷ്ടപ്പെടുത്തിയതായി ഓർമ്മിക്കുന്നില്ലാ. ഒരു ഇംഗ്ലീഷ് വത്തമാനപ്പത്രത്തിന്നു തിരുമേനി അയച്ചുകൊടുത്ത സന്ദേശത്തിൽ ഇങ്ങിനെ കാണുന്നു:— "ഒരു പത്രിക ആത്മികനന്മസ്സും ദൈവസ്തുതിക്കും ദൈവത്തിൻ സഭയുടെ പുകഴ്ച്ചക്കുംവേണ്ടി സത്യവും സന്മാർഗ്ഗവും പ്രചരിപ്പിക്കുന്ന കൃത്യത്തിൽ ഉദ്യുക്തയായിരിക്കുമ്പോൾ അതു അർഹിക്കാത്ത യാതൊരനുഗ്രഹവുമില്ല തന്നെ." ലണ്ടനിലെ ഒരു മാസികക്കു തിരുമേനി അയച്ചുകൊടുത്ത സന്ദേശത്തിൽ മാസികവരിക്കാരെ മൊത്തത്തിലും, വരിസംഖ്യ കണിശമായി അടച്ചുകൊണ്ടിരിക്കുന്നവരെ പ്രത്യേകിച്ചും അശീർവദിച്ച സംഗതി സ്മരണീയമാണല്ലോ. ഏതാനും മാസക്കാലത്തിനുള്ളിൽ ഒന്നിലധികം പ്രാവശ്യം ഗസ്സാറി കർട്ടിനാളിൽനിന്നു മാർപ്പാപ്പാ തിരുമനസ്സിലെ ആശിസ്സുകളോടുകൂടിയ സന്ദേശങ്ങൾ ഈ പംക്തികളിൽത്തന്നെ പ്രസിദ്ധം ചെയ്യാൻ സംഗതി വന്നിട്ടുള്ളതിനാൽ, തിരുമേനിക്കു പത്രപ്രവത്തകന്മാരോടും പത്രപാരായണലോകത്തോടുമുള്ള വാത്സല്യം കേരളീയ കത്തോലിക്കർക്കും ഏതാണ്ടനുഭവപ്പെട്ടിട്ടുണ്ട്. ഇതുകൊണ്ടെല്ലാം "പത്രപ്രവത്തനത്തിന്റെ പാപ്പാ"യെന്നുപോലും തിരുമേനി അപരനാമകീത്തിതനായിരിക്കുന്നു. ഇതിനിടെ റോമയിലെ പത്രപ്രവത്തകന്മാരുടെ ഒരു സംഘത്തിന്നു സന്ദശ്നനം നൽകിയ അവസരത്തിൽ "നാമും ഒരു കാലത്തു ഒരു പത്രപ്രവത്തകനായിരുന്നു" എന്നു പ്രാഗത്ഭ്യപൂവ്വം പ്രസ്താവിച്ചതു തൂലികയണിയുന്ന ഏതു കത്തോലിക്കന്റെ ഹൃദയത്തേയാണ് ഹഷപ്രവാഹസംഫുല്ലമാക്കാതിരിക്കുക!

എന്നാൽ പത്രപ്രവത്തകലോകത്തിന്നു തിരുമേനി ചെയ്തിട്ടുള്ള സവ്വപ്രധാനമായ അനുഗ്രഹം ഇതൊന്നുമല്ലാ. 'റേരും ഓമ്നിയും' എന്ന തിരുവെഴുത്താൽ ഒരു സ്വർഗ്ഗീയ രക്ഷാധികാരിയേ, പത്രപ്രവത്തകന്മാക്കും മററു പ്രസിദ്ധീകരണവേലയിൽ ഏപ്പെട്ടിരിക്കുന്നവക്കും കല്പിച്ചുതന്ന തിരുമേനിയുടെ ഔചിത്യബോധവും വിശാലബുദ്ധിയുമാണ് നാം സദാ കീത്തിക്കേണ്ടതു്. ഇത്ര ഉൽകൃഷ്ടമായ ഈ ജോലിക്കു ഇതുവരെ ഒരു പ്രത്യേക രക്ഷാധികാരിയില്ലാതെയാണിരുന്നതു്. ആ ന്യൂനത പരിഹരിക്കപ്പെട്ടുക്കുന്നു എന്നു മാത്രമല്ലാ രക്ഷാധികാരിയായി, സത്യത്തെ പരിപാലിക്കാനും അബദ്ധോപദേശങ്ങളെ ഒടുക്കുവാനും അത്യദ്ധ്വാനം ചെയ്തു അത്ഭുതകരഫലങ്ങളെ പുറപ്പെടുവിച്ച ഫ്രാൻസീസ് സാലേസ് എന്ന വിശുദ്ധനെ കല്പിച്ചുതരികയും ചെയ്തിരിക്കുന്നു. ഈജ്ജ്വസ്വലമെങ്കിലും സ്നേഹസംപൂണ്ണമായ ഒരു ഭാഷാരീതിക്കു വി. ഫ്രാൻസീസു സുപ്രസിദ്ധനായിരുന്നു. വിശ്വാസകാര്യപ്രതിപാദനത്തിൽ പ്രതിയോഗിക്കു വൈരസ്യം ജനിക്കുമെന്നു കരുതി, വിശ്വാസസത്യത്തിന്റെ പ്രാധാന്യം വേണ്ടവിധം പ്രത്യക്ഷപ്പെടുത്താതിരിക്കുന്ന സ്വഭാവം വിശുദ്ധനില്ലായിരുന്നു. ഈ ഗുണങ്ങൾ കത്തോലിക്കാ പത്രപ്രവത്തകന്മാക്കും പ്രസിദ്ധീകരണകത്താക്കൾക്കും ഉണ്ടായിരിക്കണമെന്നാണ് തിരുമേനി അഭിലഷിക്കുന്നതു്. "അതേ രീതിയിലുള്ള ഭാഷാശൈലിയും ഭാഷാഭംഗിയും അവർ പ്രയോഗിക്കട്ടെ. വായനക്കാർ സത്യത്തിൽ ആനന്ദിക്കുമാറു തങ്ങളുടെ ആശയങ്ങളെ വൈശാരദ്യത്തോടും ഹൃദയാകഷകമായ ഭാഷയിലും അവർ പ്രകടിപ്പിക്കട്ടെ. പ്രതിയോഗിയോടു എതിക്കേണ്ട സംഗതി വരുമ്പോൾ അബദ്ധങ്ങളെ മറുക്കാനും ദുർബ്ബുദ്ധികളുടെ സത്യഹീനതയെ തടക്കാനും അവക്കു ശേഷിയുണ്ടാവുകയും അതു പരമാത്ഥബുദ്ധിയാലും സവ്വപ്രധാനമായി പരസ്നേഹത്താലും തങ്ങൾ ഭരിക്കപ്പെടുന്നുവെന്നു പ്രദ്യോതിപ്പിക്കുന്ന സമ്പ്രദായത്തിലായിരിക്കയും വേണം." ഇങ്ങനെയുള്ള സദ്വരസിദ്ധിക്കായിട്ടാണ് ഈ രക്ഷാധികാരി നിയമിക്കപ്പെട്ടിരിക്കുന്നതു്.

മാർപ്പാപ്പാ തിരുമനസ്സിലെ അനുഗ്രഹം പത്രപ്രവത്തനചരിത്രത്തിൽ ഏററവും ശ്രദ്ധാർഹമായ ഒരു അദ്ധ്യായത്തെ പ്രോൽഘാടനം ചെയ്തിരിക്കുന്നുവെന്നതു നിസ്സംശയമാണ്. തിരുമനസ്സിലെപ്പേരിൽ വിനയപൂവ്വം കൃതജ്ഞതാസമ്മിളിതമായ ഹൃദയത്തോടുകൂടി വി. ഫ്രാൻ

സിസിൻെറ മാതൃക അനുസരിച്ചും, തിരുമനസ്സിലെ ആശംസ അനുസ്മരിച്ചും കേരളത്തിലെ കത്തോലിക്ക പത്രപ്രവൎത്തകന്മാരും പ്രസിദ്ധീകരണകൎത്താക്കളും സ്വകൃത്യനിൎവ്വഹണത്തിൽ സോത്സാഹം പരിവർദ്ധിക്കണമെന്നു പ്രാർത്ഥിച്ചു സമാപിച്ചുകൊള്ളുന്നു.

"ന. ദീപിക."

## തൊട്ടു വിശ്വസിച്ചു.

ഒരു ദിവസം ഞങ്ങൾ റോമയിൽ വി. പത്രോസിൻെറ ദേവാലയത്തിൻെറ മുമ്പിൽക്കൂടി കടന്നുപോകുമ്പോൾ ആ ബ്രഹ്മാണ്ഡ ദേവാലയത്തിൻെറ ഉപരിഭാഗത്തിൽ ആകാശമണ്ഡലത്തെ സ്പൎശിക്കുന്ന വിധത്തിൽ കാണപ്പെടുന്ന കുരിശിൻെറ പാദഭാഗത്തുള്ളതും കഷ്ടിച്ചു ഒരു ഫുട്ടുബാളിൻെറ വലിപ്പം തോന്നിക്കുന്നതുമായ ആ ഗോളത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് "അതിൻെറ ഉള്ളിൽ എത്ര ആളുകൾക്കിരിക്കാൻ സൌകൎയ്യമുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നു" എന്ന് എൻെറ ഒരു മാന്യസ്നേഹിതൻ എന്നോടു ചോദിക്കയുണ്ടായി. അപ്പോൾ ഞാൻ ഹാസ്യരസത്തിൽ "അതിനു ദ്വാരമുള്ളപക്ഷം എട്ടു നരിച്ചിൽകൾക്കു തൂങ്ങിക്കിടപ്പാൻ സ്ഥലമുണ്ടായെന്നു വന്നേക്കാം." എന്നുത്തരിച്ചു. കൊള്ളാം എന്നാൽ ഞാൻ കളി പറയുന്നതല്ല. എട്ടു നരിച്ചില്കൾക്കു പകരം രണ്ടെട്ടു നരന്മാൎക്കെന്നു പറഞ്ഞിരുന്നെങ്കിൽ ഏകദേശം ശരിയായിരുന്നേനേ." "വെറുതെ ഇരിക്കണം സ്നേഹിതാ! ഇന്നാൾ പട്ടു യൂണിഫോറം ധരിച്ച ജൎമ്മൻ കോളജിലെ വൈദിക വിദ്യാർത്ഥികൾ കർദ്ദിനാളന്മാരാണെന്നു എന്നെ ധരിപ്പിക്കാൻ ശ്രമിച്ച ആളല്ലെ നിങ്ങൾ" എന്നു ഞാൻ പറഞ്ഞു. "അതിശയിപ്പാനില്ല. നിങ്ങൾ തോമ്മാശ്ലീഹായുടെ സന്താനമല്ലേ. സ്പൎശിച്ചെങ്കിലേ വിശ്വസിക്കയുള്ളല്ലോ. എന്നാൽ ഞാൻ പറഞ്ഞതു പരമാൎത്ഥമാണോ എന്നു കാലക്രമത്തിൽ അനുഭവിച്ചറിയാം" എന്നു അയാളും പറഞ്ഞു.

ഈ സംഭാഷണത്തിനുശേഷം മുറക്കു ദിവസങ്ങളും ആഴ്ചകളും കഴിഞ്ഞുകൊണ്ടിരുന്നു. ഫെബ്രുവരിമാസാന്ത്യം—വൎഷകാലം വേനലിനു സ്ഥലം കൊടുക്കാൻ പോകുന്നു. അരുണകിരണങ്ങൾ എൻെറ മേശയുടെ അടുത്തുള്ള ജനൽ ചില്ലിൽ തട്ടിയിട്ടു അടുത്തുള്ള മുഖക്കണ്ണാടിയിൽ പ്രതിബിംബിക്കുന്നു. ഞാൻ എൻെറ ദൃഷ്ടിയെ ഉയൎത്തി നോക്കുമ്പോൾ കപ്പലിൻെറ മുമ്പിൽ തിരമാലപോലെ മൂടൽമഞ്ഞ് സൂൎയ്യരശ്മികളുടെ വരവ് ഭയന്നോടുന്നു. മണി കഷ്ടിച്ചു എട്ടരയായില്ല. തണുപ്പു നീങ്ങുന്നതുകണ്ടു അത്യാനന്ദത്തിൽ മുഴുകിയിരുന്ന എൻെറ തോളിൽ ആരോ സ്പൎശിച്ചതുപോലെ തോന്നി. അല്പം അസ്വാസ്ഥ്യത്തോടുകൂടി തിരിഞ്ഞു നോക്കിയപ്പോൾ ഞങ്ങളുടെ തലവൻ ശമ്മാശൻ ചിരിച്ചുകൊണ്ട് "എന്താ സെൻറു പീറേറഴ്സ് വരെ ഒന്നു നടക്കണമോ?" എന്നു ചോദിച്ചു. അയാൾ ഒരു സ്കോട്ടുലണ്ടുകാരനാണ്. ഞാൻ കാൎയ്യം മനസ്സിലാകാതെ നിന്നപ്പോൾ അടുത്തുണ്ടായിരുന്ന എൻെറ പണ്ടത്തെ സ്നേഹിതൻ "സംശയിക്കേണ്ടാ ഒന്നു പോയി പരീക്ഷിച്ച് ഞാൻ പറഞ്ഞതു പരമാൎത്ഥമാണോ എന്നറിഞ്ഞുവരാം" എന്നുത്തരിച്ചു.

രണ്ടു വിനാഴികകൾക്കുള്ളിൽ ഞങ്ങളെല്ലാവരും തയ്യാറായി.. വി. പത്രോസിൻെറ ദേവാലയത്തെ ലാക്കാക്കി നടന്നുതുടങ്ങി. അര മണിക്കൂറിനുള്ളിൽ ആ ബ്രഹ്മാണ്ഡ ദേവാലയത്തിൽ പ്രവേശിച്ചു. ചമയപ്പുരയുടെ അടുത്തുള്ള വാതുക്കൽ തീവണ്ടി ആഫീസിലും മററും ടിക്കററു കൊടുക്കുന്നതുപോലെ മൂന്നുനാലു ഉദ്യോഗസ്ഥന്മാർ ടിക്കററു കൊടുക്കുന്നുണ്ടായിരുന്നു. പ്രതിദിനം കാഴ്ചക്കാരായി അവിടെ എത്തുന്നവരുടെ സംഖ്യ ഒട്ടും കുറവല്ല. എട്ടു മണി മുതൽ പതിനൊന്നു മണിവര

യേ പ്രവേശനമുള്ളു. രണ്ടു ലീര (രൂപ അണ) കൊടുത്തു ടിക്കററു വാങ്ങി വേണം കയറാനെന്നും രണ്ടു ലീരകൂടി കൊടുക്കാമെങ്കിൽ ബുദ്ധിമുട്ടൊന്നും കൂടാതെ 'ലിഫ്ററിൽ' മുകളിൽ എത്താമെന്നും, കാശു കൊടുക്കാതെ കാര്യം കാണണമെന്നുണ്ടെങ്കിൽ മാംസാദ്ധ്യ ശനിയാഴ്ച ചെന്നാൽ മതിയെന്നും ഇതിനിടയിൽ ഞാൻ മനസ്സിലാക്കി ടിക്കററു വാങ്ങി ഞങ്ങൾ കയററം തുടങ്ങി. ബൃഹമാണ്ഡമായ ഒരു തൂണിനു മുകളിൽ കയറുന്നപോലെതന്നെ. സിമൻറു ഇട്ടിട്ടുള്ള ഗോവണിപ്പടികൾ ഒരുവിധത്തിൽ അമ്പലങ്ങളിൽ ആന കയറി ഇറങ്ങാനുള്ള നടപോലെ കാണപ്പെട്ടു. തൂണിനുചുററും ഏകചാച്ചിലിലിൽ വളഞ്ഞുവളഞ്ഞുകിടക്കുന്ന നടസ്സു് ഓരോന്നിനും ഒന്നരക്കോൽ നീളവും അടിയിൽ നാലുകോൽ വീതിയുംവരും. മുകളിലോട്ടു കയറുന്തോറും വീതി കുറഞ്ഞുവരുന്നു. ആദ്യമായികയറുന്ന ഒരാളിന്നു് പലപ്പോഴും ഇച്ഛാഭംഗത്തിനു ഇടവരാതിരിക്കയില്ല. ഒരു വളവു കഴിയുമ്പോൾ ഇപ്പോൾ മുകളിലായെന്നു തോന്നും. ഈ വിധത്തിൽ ൫൨൫ സ്റ്റെപ്പ് കയറുമ്പോൾ ഒരു നിലയിലായി. ആദ്യം വളരെ ഊർജ്ജിതത്തിൽ കയറിത്തുടങ്ങിയ പലരും ഇടക്കു ഇരിക്കേണ്ടതായും മററും വന്നു. ഈ കയറിപ്പോകുന്ന വഴിമദ്ധ്യേ ദേവാലയത്തിൻെറ ഉള്ളിലേക്കു നോക്കത്തക്കവണ്ണം എട്ടുപട്ട (നൂറ പട്ടമെന്നു പറയണം) ത്തിനു അകത്തേക്കുള്ള മട്ടുപ്പാവിൽ ചെന്നുനിന്നു ദേവാലയത്തിനകം ചുററിക്കാണുന്നതിന്നു ആളുകളെ സൌകര്യംപോലെ കടത്തിവിടുന്നതിനുള്ള രണ്ടു വാതിലുകളുടെ മുമ്പിൽ കാവൽക്കാരുണ്ടു്. ഞങ്ങൾ പള്ളിയകം കാണുന്ന ജോലി മടങ്ങിവരുന്ന അവസരത്തിലേക്കു മാററിവച്ചിട്ടു് നേരെ മുകളിലേക്കു യാത്ര തുടൎന്നു. ഒരു വാതുക്കൽ ചെന്നപ്പോൾ "ടിക്കററു്" എന്നും പറഞ്ഞു രണ്ടുമൂന്നു ഉദ്യോഗസ്ഥന്മാർ ഹാജരുണ്ടായിരുന്നു. ടിക്കററു അയാളെ കാണിച്ചതിനു ശേഷം വാതിൽ കടന്നു ദേവാലയത്തിൻെറ മുകളിലുള്ള വെണ്മാടത്തിൽ പ്രവേശിച്ചു. അവിടെനിന്നാൽ ഒരു വിധത്തിൽ റോമ്മാപ്പട്ടണം മുഴുവൻകാണാം. താഴെനിന്നുനോക്കുമ്പോൾ സാധാരണ ചെറിയകൊത്തുരൂപങ്ങളുടെ വലിപ്പം തോന്നിക്കുന്നവയും ദേവാലയത്തിൻെറ മുഖവാരത്തിൽ നിരത്തിവച്ചിരിക്കുന്നവയുമായ മാർബിൾകല്ലിൽ പണികഴിച്ചിട്ടുള്ള നൂറിൽപരം സ്വരൂപങ്ങളിൽ ഓരോന്നിനും രണ്ടുംമൂന്നും ആൾ ഉയരവും അതിനടുത്ത വലിപ്പവും ഉണ്ടു്. എന്നുവേണ്ടാ റോഡിൽനിന്നു നോക്കുമ്പോൾ സാധാരണ താക്കോലിൻെറ വലിപ്പം തോന്നിക്കുന്ന വി. പത്രോസിൻെറ സ്വരൂപത്തിൻെറ കൈയിലുള്ള താക്കോൽ ഏകദേശം രണ്ടു കോൽ നീളം വരും. ഈ വെണ്മാടത്തിൽ അവിടത്തെ ജോലിക്കാരായ ഉദ്യോഗസ്ഥന്മാർ താമസിക്കുന്ന മുറികളും ഭക്ഷ്യസാമാനങ്ങൾ വില്ക്കുന്നതിനു ഒരു പീടികയും ഉണ്ടു്. ഇവിടെ നിന്നാൽ ഇതേത്തുടൎന്നു കിടക്കുന്ന വത്തിക്കാൻ കൊട്ടാരത്തിൻെറയും തോട്ടങ്ങളുടെയും ഒരു ഏകദേശജ്ഞാനം ഉണ്ടാകും.

ഏകദേശം അര മണിക്കൂർ അവിടെ ആശ്വസിച്ചശേഷം വീണ്ടും ഞങ്ങൾ മുകളിലേക്കു കയററം തുടൎന്നു. ഇത്തവണ ഗോവണിക്കു ചുവട്ടിൽ രണ്ടാൾക്കു നിരന്നു നിൽക്കാൻ വിസ്താരമുണ്ടെങ്കിലും പകുതി വഴിമുതൽ ഒരാൾക്കു മാത്രമേ സുഖമായിട്ടു പോകത്തുള്ളു. ഇടക്കുനിന്നു ആശ്വസിച്ചും മററുമായി ഞങ്ങൾ മുൻകണ്ട പന്തെന്നപോലെ തോന്നിയ ഗോളത്തിൻെറ ചുററുമുള്ള ബാൽക്കണിയിൽ എത്തി. ആ ഗോളത്തിനു ഇപ്പോൾ ഒരു എട്ടടി വിസ്താരം തോന്നിക്കും. ചുററുമുള്ള വെറാൻഡയിൽ ഏകദേശം അൻപതിൽപ്പരം ആളുകൾക്കു നിരന്നു നിൽക്കാം. അവിടെനിന്നുള്ളകാഴ്ച വൎണ്ണിപ്പാനസാദ്ധ്യം. റോമ്മാപ്പട്ടണം മുഴുവൻ ഒരററം മുതൽ മറെറ അററംവരെ കൊട്ടാരങ്ങൾ മുതൽ കൊട്ടിലുകൾ വരെയുള്ള സകലതും നമ്മുടെ മുമ്പാകെ നിരത്തിയിരിക്കുന്നതുപോലെ കാണാം. ഒരുവശത്തു ആല്പിനയിൻ, അൽബാൻ കുന്നുകളും, മറേറവശത്തു് മദ്ധ്യതരണി കടലും, അതിദൂരത്തിലെങ്കിലും അതിസമീപത്തിൽ എന്നപോലെ കാണപ്പെടുന്നു. വത്തിക്കാൻ തോട്ടങ്ങൾ വിവിധതരങ്ങളായ ചെടികളോടും മരങ്ങ

ളോടുംകൂടി ഒന്നരണ്ടു മൈൽ വിസ്താരത്തിൽ നീണ്ടുനിവന്നു കിടക്കുന്ന കിടപ്പും അതി ബ്രഹ്മാണ്ഡങ്ങളായ കെട്ടിടങ്ങളും മററും കണ്ടിട്ട് 'ഇവിടെ ഒരു തടവുകാരനായാലും വലിയ തരക്കേടില്ല' എന്നു ഞാൻതന്നെ പറഞ്ഞുപോയി. രക്ഷയുടെ അടയാളമായ കുരിശു പട്ടണത്തിൽ എവിടെ നോക്കിയാലും ഉയർന്നുകാണുന്ന കാഴ്ച ക്രിസ്തീയ ഹൃദയങ്ങൾക്കു എത്ര ആനന്ദത്തെ നൽകുന്നു! വത്തിക്കാൻ കുന്നിനു എതിർവശത്തുള്ള ഒരു കുന്നിൽ വത്തിക്കാനെയും സെൻറു പീറേറഴ്സിനേയും അടിപതിപ്പിക്കത്തക്കവണ്ണം പള്ളിയും അരമനകളും പണിയുവാനുള്ള അമേരിക്കൻ മെത്തോടിസ്റ്റുകാരുടെ ശ്രമം ഇപ്പോൾത്തന്നെ നിരാശയിലായിരിക്കുന്നതും, ഇത്താലിയൻ ഗവർമ്മെണ്ടുതന്നെ വത്തിക്കാനോടു കിടപിടിക്കത്തക്കവണ്ണം ഒരു കെട്ടിടം പണി തുടങ്ങിയതിൽ പണി പൂർത്തിയാകുന്നതിനു മുമ്പ് വീണ്ടും പണി തുടരാൻ പാടില്ലാത്തവണ്ണം അതിനു എന്തോ കേടു സംഭവിച്ചതും ഓർക്കുമ്പോൾ "നരകവാതിലുകൾ അതിനെ ജയിക്കയില്ല" എന്നുള്ള നമ്മുടെ ദിവ്യരക്ഷകൻെറ തിരുവചനം ഇക്കാര്യത്തിൽ പോലും നിറവേറുന്നല്ലോ എന്നൊരാശ്വാസത്തിനും സന്തോഷത്തിനും വഴി കാണുന്നുണ്ടു്.

ബാൽക്കണിയിൽ ഒരു നാഴികയോളം ആശ്വസിച്ച് റോമ്മാനഗരം കണ്ടു സന്തോഷചിത്തരായിനിന്ന ഞങ്ങളെ മുകളിലേക്കു (ഗോളത്തിൻെറ ഉള്ളിലേക്കു) പോകുന്നതിനു ക്ഷണിച്ചു. ഇതിനു പ്രത്യേക കാരണമുണ്ടായിരുന്നു. അപ്പോൾ ആ ബോളിനകത്താരും ഇല്ലായിരുന്നു എന്നുള്ളതുതന്നെ. ഗോളത്തിലേക്കു കയറുന്നതിനുള്ള കോവണി നേരെ കിഴക്കാൻതൂക്കമായിട്ടുള്ളതും കഷ്ടിച്ചു ഒരാൾക്കുമാത്രം കയറാവുന്നതുമായതിനാൽ മുകളിൽനിന്നും ഒരാൾ ഇറങ്ങുകയും താഴെനിന്നും ഒരാൾ കയറുകയും ഒരേ സമയത്തു സാധിക്കുന്നതല്ല. ഞങ്ങൾ പന്ത്രണ്ടുപേർ പോയതിൽ എട്ടു പേർ മാത്രമേ മുകളിലേക്കു കയറാൻ ധൈര്യപ്പെട്ടുള്ളു. ഞാൻ ഒരുപ്രകാരത്തിൽ അതിനകത്തു പ്രവേശിച്ചു. ചെമ്പുതകിടുകൊണ്ടു ബലമായ വിധത്തിൽ ഉണ്ടാക്കീട്ടുള്ള ആ ഗോളത്തിനകത്തു ഞങ്ങൾ എട്ടുപേരെ കൂടാതെ പിന്നെയും ഒരു രണ്ടു പേർക്കു കൂടി സുഖമായിരിക്കാമെന്നുള്ള പരമാർത്ഥം എനിക്കു ബോദ്ധ്യമായി. ആ ബോളിനകത്തു അത്രയധികം ദ്വാരങ്ങൾ പുറത്തേക്കില്ലാത്തതിനാൽ അതിനകത്തെ ഇരിപ്പു സുഖകരമല്ല. ചുരുക്കിപ്പറഞ്ഞാൽ ഞങ്ങളിൽ ചിലക്കു ആ കയററം ആദ്യത്തേതും അവസാനത്തേതും ആയിരിക്കുമെന്നവർ പറകയുണ്ടായി. ഏറെത്താമസിയാതെ ഞങ്ങൾ ഇറങ്ങിത്തുടങ്ങി. ആ സമയത്തേക്കു അമേരിക്കരും ഇംഗ്ലീഷ്കാരുമായ ധ്വരമാരും ധ്വരശാണികളും മുകളിൽ എത്തിക്കഴിഞ്ഞു. ഞങ്ങൾ മുൻപ്രസ്താവിച്ച ഭക്തസമാനങ്ങൾ വിൽക്കുന്ന കടയിൽ വന്ന് കുറെ ചില്ലറ രൂപങ്ങളും മററും വാങ്ങി രണ്ടാംപടികൽ വന്നു.

അവിടന്നു ദേവാലയത്തിനകത്തു എട്ടുപട്ടത്തിനു ചുററുമുള്ള വരാന്തയിൽ പ്രവേശിച്ച് ആ ബ്രഹ്മാണ്ഡ ദേവാലയത്തിൻെറ അടിയിലേക്കു നോക്കിയപ്പോൾ ചിലക്കൊക്കെ ഭയവും തലകറുക്കവും ഉണ്ടാകാതിരുന്നില്ല. ദേവാലയത്തിനകത്തുകൂടി നടന്നിരുന്ന മനുഷ്യർ തീരെച്ചെറിയ പ്രാണികളായിട്ടു തോന്നി. അടിയിൽനിന്നും ഈ എട്ടുപട്ടത്തിൽ എഴുതിയിരിക്കുന്ന ചില ചിത്രങ്ങൾ നോക്കിയാൽ സാധാരണ ചെറിയ പടങ്ങൾപോലെയേ തോന്നിയിരുന്നുള്ളു. അടുത്തുവന്നു നോക്കുമ്പോൾ അവ വളരെ വലുതായി കാണപ്പെടുന്നു. ഉദാഹരണമായി, എട്ടുപട്ടത്തിനു മുകളിൽ വി. ലൂക്കാഏവൻഗേലിസ്റ്റായുടെ ഒരു പടം ഒരു പേനപിടിച്ചെഴുതുന്ന വിധത്തിൽ വരച്ചിട്ടുണ്ടു്. പള്ളിയുടെ അകത്തുനിന്നു മുകളിലേക്കു നോക്കുമ്പോൾ ആ പേനക്കു സാധാരണ ഒരു തൂവലിൻെറ വലിപ്പമേയുള്ളു. എന്നാൽ വാസ്തവത്തിൽ ആറടി നീളമുണ്ടെന്നു അടുത്തുചെന്നു അളന്നുനോക്കുമ്പോൾ അറിയാം. ഈ ദേവാലയത്തിലെ എല്ലാ ചിത്രങ്ങളും മോസായിക്കുപണിയാണെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. മോസായിക്കെന്നു പറഞ്ഞാൽ പലവർണ്ണച്ചായത്തിനു പകരം പലനിറമുള്ള ചെറിയചെറിയ കല്ലുകൾകൊണ്ടു

ള്ള ചിത്രവേലയാണെന്നു അറിയാമെന്നു വിശ്വസിക്കുന്നു.

താഴെനിന്നു നോക്കിയാൽ വെറും ചായപ്പണിയാണെന്നു തോന്നിക്കുന്ന ചിത്രങ്ങൾ അടുത്തുനോക്കുമ്പോൾ സാമാന്യം വലിയതരം മോസായിക്കു കല്ലുകളാൽ നിൎമ്മിക്കപ്പെട്ടവയാണെന്നനുഭവപ്പെട്ടും. ആ വെറാൻഡയിൽനിന്നുള്ള കാഴ്ചകൊണ്ടു ദേവാലയത്തിന്റെ വലിപ്പത്തേയും പണിവിശേഷതയേയും പററി ഏകദേശം ഒരു ജ്ഞാനം ഉണ്ടാകും. അവിടെനിന്നു വീണ്ടും ഞങ്ങൾ കയറിയ വൃത്താകൃതിയിലുള്ള ഗോവണിയിൽ വന്നു. ഈ ഗോവണിയുടെ വലത്തുവശത്തുള്ള ചുവരിൽ കെട്ടിടത്തിനു മുകളിൽ കയറിയിട്ടുള്ള മാൎപ്പാപ്പാമാർ ചക്രവൎത്തികൾ രാജാക്കന്മാരാദിയായവരുടെ പേരുകൾ മാർബിൾ പലകകളിൽ എഴുതീട്ടുണ്ട്. ഇതിനെ അനുകരിച്ചു ഞങ്ങളേപ്പോലുള്ള താണതരക്കാർ പെൻസിലുകൊണ്ടു പേരെഴുതുകയും സാധാരണയായതിനാൽ ആ ഭിത്തിയിലെങ്ങും സ്ഥലമില്ലെന്നായിരിക്കുന്നു. ക്രമേണ ഗോവണി ഇറങ്ങി ഞങ്ങൾ വേറൊരു വാതുക്കൽക്കൂടി എട്ടു പട്ടത്തിൽതന്നെ മുമ്പ് ഞങ്ങൾ നിന്ന വെറാണ്ടയ്ക്കു ഒരു പത്തുനൂറടി താഴെയായി അതേവിധത്തിൽത്തന്നെ പള്ളിയുടെ അകം ചുററി നടന്നു കാണത്തക്കവണ്ണമുള്ള ഒരു വരാന്തയിൽ എത്തി. അതിൽനിന്നും കീഴ്പ്പോട്ടു നോക്കുമ്പോൾ താഴെ നടക്കുന്ന മനുഷ്യരെ അവരുടെ പകുതി വലിപ്പത്തിൽ കാണാം. ഈ വാതുക്കലൊക്കെ കാവൽക്കാരുണ്ടെന്നും അവൎക്കു വല്ലതും കൈനീട്ടം കൊടുത്താൽ അവിടെയുള്ള ചിത്രങ്ങളേയുംമററും സംബന്ധിച്ചുള്ള സകല വിവരങ്ങളും പറഞ്ഞുതരുമെന്നും ഉള്ളതു് പ്രസ്താവയോഗ്യമായി കരുതുന്നു. രണ്ടാമത്തെ കൊറിഡോരിൽ ഞങ്ങൾ അധികം താമസിച്ചില്ല. ഇതിനിടകൊണ്ടു പലരും ക്ഷീണിച്ചതിനാൽ അവിടെ നിന്നു സാവധാനത്തിൽ ഇറങ്ങി പള്ളിയകത്തുവന്നപ്പോഴേക്കും മണി ൧൨ കഴിഞ്ഞു. അതിനിടകൊണ്ടു 'ലിഫ്ററ'വഴിക്കും കാൽനടയായും ഒട്ടേറെ ആളുകൾ മുകളിൽ എത്തിയിട്ടുണ്ടായിരുന്നു. ഈ ബ്രഹ്മാണ്ഡദേവാലയത്തിന്റെ മററു ഭാഗങ്ങൾ മിക്കവാറും ഞങ്ങൾ മുമ്പു തന്നെ കണ്ടു കഴിഞ്ഞതിനാൽ കുബ്ബാനയുടെ അൾത്താരയിങ്കൽ ചെന്നു ഇതിനിടയാക്കിയ സൎവ്വശക്തനു സ്തുതിപറഞ്ഞു വന്ന വഴിക്കു മടങ്ങി ഞങ്ങൾ പ്രൊപ്പഗാന്താ കോളേജിൽ എത്തിയപ്പോൾ എന്റെ മാന്യസ്നേഹിതൻ "എന്താ ഞാൻ പറഞ്ഞതു നേരമ്പോക്കാണെന്നുണ്ടോ?" എന്നു ചോദിച്ചതിനു, "അതേ തോമ്മാശ്ലീഹായുടെ സന്താനമല്ലേ തൊട്ടു വിശ്വസിക്കുതന്നെ ചെയ്യൂ" എന്നു ഞാൻ മറുപടി പറഞ്ഞെന്നല്ലേ പറയേണ്ടു.

കാപ്പിൽ കുര്യാക്കോസു ശ.

## തിരുഹൃദയഭക്തന്മാർ ൧൯൨൨ ഇടവമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"സമാധാനത്തിന്റെ രാജ്ഞിയോടുള്ള പ്രാൎത്ഥന."

ലോകത്തിൽ സമാധാനം അശേഷമില്ലെന്നു എല്ലാ ഭാഗത്തുനിന്നും മുറവിളി കേൾക്കുന്നുണ്ട്. ലോകവാസികൾക്കു ദൈവത്തോടു സമാധാനമില്ല; അന്യോന്യം സമാധാനമില്ല; ഓരോരുത്തനു തന്നിൽത്തന്നെയും സമാധാനമില്ല. ഈ മൂന്നു വിധ സമാധാനവും സൎവ്വത്ര വ്യാപിച്ചെങ്കിലല്ലാതെ ലോകം സാക്ഷാൽ സമാധാനത്തിൽ സ്ഥിതി ചെയ്യുന്നു എന്നു പറവാൻ പാടുള്ളതല്ല. എന്നാൽ ദൈവത്തോടുള്ള സമാധാനം പ്രഥമതഃ സുരക്ഷിതമാകാതെ മററു രണ്ടു സമാധാനവും നിലനിൽക്കുന്നതല്ലെന്നുള്ള തത്വം ലോകം പലപ്പോഴും വിസ്മരിച്ചുപോകു

ന്നു. ഇതിനാലാണ് ലോകസമാധാനപരിപാലനാത്ഥമായുള്ള കൂടിയാലോചനകളും സംഘനടപടികളുമെല്ലാം ഏറിയകൂറും വിഫലമായി പരിണമിക്കുന്നത്. അതിനാൽ ആദ്യംതന്നെ സ്രഷ്ടാവിനോടു സൃഷ്ടികളെല്ലാം പൂണ്ണ സമാധാനമാകണം. സ്രഷ്ടാവിന്റെ ആജ്ഞകളെ ലോകം സർവ്വാത്മനാ അനുസരിക്കാത്ത കാലത്തോളം ഈവിധ സമാധാനമുണ്ടായി എന്നു പറവാൻ പാടുള്ളതല്ലല്ലോ. ചുരുക്കിപ്പറഞ്ഞാൽ ദൈവപ്രമാണങ്ങളെ ശരിയായി അനുഷ്ഠിക്കുന്നതിൽ ലോകസമാധാനത്തിന്റെ അസ്ഥിവാരം അടങ്ങിയിരിക്കുന്നു.



പ്രമാണലംഘനം വഴിയായി ദൈവത്തിൽനിന്നു അകന്നുപോയ മനുഷ്യവർഗ്ഗത്തെ വീണ്ടു ദൈവത്തോടു യോജിപ്പിക്കുന്നതിനുള്ള ഒരു പ്രധാന മാഗ്ഗമായിട്ടാണ് പരിശുദ്ധ ദൈവജനനിയെ ദൈവം നിശ്ചയിച്ചിരിക്കുന്നത്. ഉത്ഭവപാപംകൊണ്ടുപോലും ഒരിക്കലും സ്രഷ്ടാവിൽനിന്നു അകലാനിടയാകാത്ത ഈ ഉന്നതസൃഷ്ടി വഴിയായി ലോകത്തിന്നു, രക്ഷിതാവിനേയും സമാധാനത്തേയും നൽകുന്നതിനു സർവ്വേശ്വരൻ ചിത്തമായി. പാപികളെ ദൈവത്തോടു സമാധാനപ്പെടുത്തുക യെന്നുള്ളത്, തന്റെ പ്രധാന ചുമതലയായി ഈ മാതാവു കരുതി പ്രവത്തിച്ചു പോരുന്നു. ആകയാൽ "സമാധാനത്തിന്റെ രാജ്ഞി" എന്ന നാമധേയം ദൈവജനനിക്കു അനുയോജ്യമായിരിക്കുന്നു. ഈ രാജ്ഞി വഴിയായി ലോകം സമാധാനത്തെ തേടുന്നുവെങ്കിൽ അതിനെ കണ്ടെത്താതിരിക്കയില്ല. അതിനാൽ മ്ശിഹായുടെ സമാധാനത്തിന്റെ വാഴ്ചയെ പുനഃസ്ഥാപിക്കുന്നതു തന്റെ ജീവിതോദ്ദേശമായി കരുതിയിരിക്കുന്ന പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു മേ മാസത്തിൽ സത്യവിശ്വാസികളേവരും ഈ നിയോഗസാദ്ധ്യത്തിനായി സമാധാനത്തിന്റെ രാജ്ഞിയോടു പ്രത്യേകം പ്രാർത്ഥിക്കണമെന്നു ആഗ്രഹിച്ചു ഉപദേശിച്ചിരിക്കുന്നു.

മിഥുനം:– "പാപപരിഹാര കൃത്യങ്ങൾ."

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### I. തിരുസഭയോ വേദപുസ്തകമോ?

എം. സി. എസ്. എൽ. പ്രസിദ്ധീകരണം. നമ്പർ ൧. വില ൧ അണ.

ഊർജ്ജിതത്തിൽ നടന്നുവരുന്ന മലബാർ കത്തോലിക്കാ വിദ്യാർത്ഥി സംഘംവകയായി ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കപ്പെടുന്ന മാസികാ ഗ്രന്ഥത്തിനുപുറമേ, ഉപയോഗപ്രദങ്ങളായ ഏതാനും ലഘുലേഖകളും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന വിവരം സന്തോഷപുരസ്സരം പ്രസ്താവിച്ചുകൊള്ളുന്നു. ഇക്കൂട്ടത്തിൽ ഒന്നാമതായി പുറപ്പെടുവിച്ചിട്ടുള്ള ൨൦ പക്ഷമുള്ള ഒരു ചെറുപുസ്തകത്തിന്റെ പേരാണ് മേൽ കാണുന്നത്. കുറേമുമ്പു കോട്ടയം വി. ജി. പ്രസ്സിൽനിന്നു "Church of Bible" എന്ന അഭിധാനത്തിൽ ഇംഗ്ലീഷിൽ അച്ചടിച്ചു പുറപ്പെടുവിച്ചതും, കേരളീയ വിദ്വജ്ജനങ്ങളുടെ പ്രശംസക്കു പാത്രീഭവിച്ചതുമായ റവ. ഫാദർ ഡാമൻ എസ്. ജെ. അവർകളുടെ അവസരോചിതമായ ഈ പ്രസംഗം ഇക്കാലത്തു പ്രചുരപ്രചാരം അർഹിക്കുന്ന ഒരു കൃതിയാണ്. കത്തോലിക്കാ പുസ്തകങ്ങൾ അ

ച്ചടിപ്പിക്കുന്നതിനു മാത്രമല്ല അവയെ പ്രചരിപ്പിക്കുന്നതിനും വേണ്ട ഏപ്പാടുകൾ വിദ്യാൎത്ഥലീഗിൽനിന്നു ചെയ്യാനുദ്ദേശിക്കുന്നതായറിഞ്ഞു ഞങ്ങൾ സന്തോഷിക്കുന്നു. ലീഗുവകയായി കേരളത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതുശാഖാസഭയിൽ ആവശ്യപ്പെട്ടാലും ൧ ണ വിലസ്സു ഈ പുസ്തകം വാങ്ങാവുന്നതാണ്.

## II. മുസ്ലീം ലോകം.

വരിസംഖ്യ ഒരാണ്ടത്തേക്കു അഞ്ചൽ വഴി, ൨ രൂ തപാൽവഴി, ൨൪ രൂ.

ചവറെനിന്നും മുഹമ്മദീയരുടെ വകയായി പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന ഈ പ്രതിപക്ഷപത്രികയുടെ ആദ്യത്തെ മൂന്നു ലക്കങ്ങൾ ഞങ്ങൾ സസന്തോഷംകൈപ്പററിയിരിക്കുന്നു. പ്രതിനിമിഷമെന്നപോലെ വർദ്ധിച്ചുവരുന്ന ജീവിതമത്സരത്തിൽ കേരളീയരായ ഞങ്ങളുടെ മുസ്ലീംസഹോദരങ്ങളും യഥാശക്തിശ്രമിച്ചുതുടങ്ങിയിരിക്കുന്നതിൽ ഞങ്ങൾ അവരേ സൎവ്വാത്മനാ അനുമോദിക്കയും, അവരുടെ സമുദായാഭ്യുന്നതിക്കു ഈവിധശ്രമങ്ങൾ നിദാനമായി ഭവിച്ചുകാണ്മാൻ പ്രാൎത്ഥിക്കയും ചെയ്യുന്നു.

## III. ഇസ്ലാം ദൂതൻ.

ആലപ്പുഴ, വരിസംഖ്യ ൨ രൂപാ.

'കത്തോലിക്കാദൂതൻ' മുതലായ മാസികകളുടെ സംപ്രദായത്തിൽ ആലപ്പുഴെനിന്നു നവമായി പുറപ്പെട്ടിരിക്കുന്ന ഈ മാന്യസഹജീവിക്ക് ഞങ്ങൾ സൎവ്വവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു. വിജ്ഞാനം കൊണ്ടല്ലാതെ സമുദായോദ്ധാരണം സിദ്ധിക്കുന്നതല്ലല്ലോ. ഈദൃശ ഉദ്യമങ്ങൾ അതിലേക്കു എത്രമാത്രം ഉപകരിക്കുമെന്നു ഇക്കാലത്തു ആരേയും പറഞ്ഞറിയിക്കേണ്ടതില്ല. ഗ്രന്ഥാവലിയുടെ രീതിയിലുള്ള ചില പ്രസിദ്ധീകരണങ്ങളും ആലപ്പുഴെനിന്നു പുറപ്പെട്ടുതുടങ്ങിയിട്ടുള്ളതായി ഈ മാസികയിൽ കാണുന്നുണ്ട്. ക്രിസ്ത്യാനികൾ ഈ വിവരങ്ങളെല്ലാം അറിഞ്ഞിരിക്കേണ്ടതാകുന്നു.

## IV. പാപ്പാമതഗ്രന്ഥവിമൎശം.

(ഒന്നാംഭാഗം)

കുസുമ ഗ്രന്ഥാവലി, നമ്പർ ൧൭.
വില ൩ അണ.

നടുവത്തുശ്ശേരിൽ ബ. യാക്കോബു കത്തനാർ അവർകളുടെ ഈ കൃതി വായിച്ചാൽ 'പാപ്പാമത'ത്തേക്കുറിച്ചും, പാപ്പായുടെ അധികാരത്തേക്കുറിച്ചും അജ്ഞതമൂലം അകത്തോലിക്കർ ജല്പിച്ചുവരാറുള്ള അനവധി അസംബന്ധങ്ങളുടെ അടിസ്ഥാനമില്ലായ്മ ആൎക്കും അനായാസേന ഗ്രഹിക്കാവുന്നതാണ്. ഇക്കാലത്തു യാക്കോബായ സഹോദരങ്ങളുടെ ഇടയിൽ ഈ ലഘുലേഖ ധാരാളമായി പ്രചരിപ്പിക്കുന്നതിനു കത്തോലിക്കർ ശ്രമിച്ചാൽ അതു ഗണ്യമായ ഒരു പുണ്യമായിരിക്കും.

---

# വൎത്തമാനസംഗ്രഹം.

### കേരളം,

ആലപ്പുഴെവച്ചുള്ള കേരളീയ കത്തോലിക്കാ കോൺഗ്രസ്സ് ചില അസൌകൎയ്യങ്ങളാൽ മേ മാസം പത്താംതീയതിക്കു മാററിവച്ചിരിക്കുന്നു.

* * *

തിരുവിതാംകൂർ നിയമനിൎമ്മാണ സഭ ഏപ്രിൽ ൧൦നു-മുതൽ പത്തു ദിവസത്തേക്കു നടന്നിരിക്കുന്നു. ഈഴവരുടെ അവകാശക്രമ ബിൽ പാസ്സാക്കുക, നായന്മാരുടെ അവകാശക്രമ ബിൽ സംബന്ധിച്ചു വാദപ്രതിവാദം നടത്തുക മുതലായി ഗൌരവാവഹങ്ങളായ പല കാൎയ്യങ്ങൾ ഇത്തവണത്തെസഭയിൽ നടന്നിട്ടുണ്ട്. യൂനിവേർസിററി കമ്മിററിയിൽ ഒരുക്രിസ്ത്യാനി മെമ്പർപോലും ഇല്ലാതെവരാൻ കാരണമായ ആ സംഭവം സമുദായാഭിമാനികൾക്കുമേലിലേക്കു ഒരുപാഠമായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

* * *

മദ്രാസ് മെഡിക്കൽകോളെജ് പണ്ഡിതനായ ഡാക്ടർ പി. ഏ. മാത്യു ബി.

ഏ., എം. ബി. സി. എം. അവർകളെ ഇക്കൊല്ലത്തെ സബ് അസിസ്റ്റൻറു സർജൻ പരീക്ഷയുടെയും, തിരുവനന്തപുരം ഹൈക്കോർട്ടുവക്കീൽ ജോസഫ് തുമ്പാശ്ശേരി ബി. ഏ., ബി. എൽ. അവർകളെ പ്ലീഡർഷിപ്പു പരീക്ഷയുടെയും ഓരോ പരീക്ഷകന്മാരായി നിയമിച്ചിരിക്കുന്നു. സ്ഥലം സെൻറ് എഫ്രേം ഹൈസ്കൂൾ പൂർവ്വ വിദ്യാർത്ഥികളായ ഈ രണ്ടു മഹാന്മാരേയും ഞങ്ങൾ പ്രത്യേകം അനുമോദിച്ചുകൊള്ളുന്നു.

* * *

കൊച്ചിയിലെ നിയമനിർമ്മാണ സഭ ആറുമാസത്തിനകം ആരംഭിക്കത്തക്ക വണ്ണമുള്ള ഏർപ്പാടുകൾ ത്വരിതമായി നടന്നുവരുന്നു. വോട്ടവകാശം, സംബന്ധിച്ചും മററും ക്രിസ്ത്യാനികൾക്കുള്ള ആവലാതികൾ ദിവാൻജിയേ ബോധിപ്പിക്കുന്നതിനായി ഒരു ഡെപ്യുട്ടേഷ്യൻ പോകയുണ്ടായെങ്കിലും, കിട്ടിയ മറുവടി മുഴുവൻ തൃപ്തികരമായി തോന്നുന്നില്ല.

* * *

തൃശ്ശൂർ പള്ളിക്കേസിൻെറ അനന്തരഫലങ്ങൾ ഓരോതരത്തിൽ ഇപ്പോഴും പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നു. മീനം ൧൭നു- ചൊവ്വാഴ്ച നെസ്തോറീസുകാർ കൂട്ടമായി ദേവാലയത്തിൽ പ്രവേശിച്ചതായും, ഗവർമ്മേൻറധികാരികളുടെ നിരോധത്തെ വകവയ്ക്കാതെ രണ്ടു പകലും ഒരു രാത്രിയും പള്ളിക്കകത്തുതന്നെ താമസിച്ചു നാനാവിധ അക്രമങ്ങൾ പ്രവർത്തിച്ചതായും, കടശി ബലംപ്രയോഗിച്ചു അവരെ ഇറക്കിവിട്ടു പള്ളി പൂട്ടിയിരിക്കുന്നതായും അറിയുന്നു. ഇതിലേക്കു ജനങ്ങളെ പ്രേരിപ്പിച്ച അബിമലേക്കു മെത്രാൻ ആദിയായി പലരേയും പ്രോസിക്യൂട്ടുചെയ്തു ജാമ്യത്തിൽ വിട്ടിരിക്കയാണ്.

* * *

വട്ടിപ്പണക്കേസു കഴിഞ്ഞിട്ടുള്ള അവസ്ഥയും ഒട്ടുംതന്നെ അഭിലഷണീയമായിരിക്കുന്നില്ല. സന്ധിയാലോചനകളും മററും ഒരുവഴിക്കു നടക്കുന്നുണ്ടെങ്കിലും, പള്ളം, കോട്ടയം മുതലായി പല സ്ഥലങ്ങളിൽ ഇരുകൂട്ടരും തമ്മിൽ ഭയങ്കരമായ അടിപിടികൾ ഇതിനിടകൊണ്ടു കഴിഞ്ഞിട്ടുണ്ട്. മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്തായും ഏതാനും പ്രമാണികളും കൂടി യാക്കോബായ പാത്രിയർക്കീസിനേയോ, ഗ്രീക്കു പാത്രിയർക്കീസിനേയോ, അതോ കത്തോലിക്കു പാത്രിയർക്കീസിനെ തന്നെയോ കാണുന്നതിലേക്കു യാത്രതിരിക്കാൻ ഒരുങ്ങിയെങ്കിലും, എതൃകക്ഷിയുടെ നിരോധംനിമിത്തം തൽക്കാലം അതു സാധിക്കാതെ വന്നതായിട്ടാണ് അറിയുന്നത്.

* * *

കത്തോലിക്കരുടെ വകയായി കൊട്ടാരക്കരെ പണി തുടങ്ങിയിരുന്ന ചാപ്പൽപണി തീർന്നു മാർച്ച് ൧൮നു- അവിടെ ദിവ്യപൂജ അനുഷ്ഠിച്ചതായും, റവ. ഫാദർ സ്റ്റീഫൻ മുതലായവർ പന്തളത്തുനിന്നു അങ്ങോട്ടേയ്ക്കു മാറി താമസം തുടങ്ങിയതായും അറിയുന്നു. ഏതാനും യാക്കോബായകുടുംബങ്ങൾ ഇതിനിടകൊണ്ട് അവിടെ മാനസാന്തരപ്പെട്ടിട്ടുള്ളതായി അറിഞ്ഞു സന്തോഷിക്കുന്നു.

* * *

മലബാർ വിദ്യാർത്ഥി സംഘത്തിൻെറ വാർഷികയോഗം മേ എട്ടും ഒൻപതും തീയതികളിൽ ചേർത്തലവച്ചു നടക്കുന്നതാണെന്നു ഭാരവാഹികൾ ഞങ്ങളെ അറിയിച്ചിരിക്കുന്നു.

## ഇൻഡ്യാ.

സർവ്വേന്ത്യാ കത്തോലിക്കാമഹാജനസഭ ഇക്കൊല്ലം മംഗലപുരത്തോ തൃശ്ശൂരോ വച്ചു നടത്തുന്നതിനു ആലോചിച്ചുവരുന്നു.

* * *

ബർമ്മായുടെ വടക്കുഭാഗത്തു നാഗാ

---


## മാർ തോമ്മാ ക്രിസ്ത്യാനികൾ (രണ്ടാംഭാഗം)

റവ. ഫാദർ ബർണ്ണാർഡ് സി. ഡി. അവർകളുടെ ചിരപ്രതീക്ഷിതമായ ഈ കൃതി ഇതാ അടിച്ചുകഴിഞ്ഞിരിക്കുന്നു. വില്പാൻ തയ്യാർ.

വില രൂപാ 1, അണ 4.

സൂപ്രണ്ട്, സെൻറു ജോസഫ് പ്രസ്സ് മാന്നാനം.

എന്നൊരു കാട്ടുജാതിക്കാരുടെ ഇടയിൽ ഇപ്പോഴും നരബലി നടപ്പുള്ളതായും, കഴിഞ്ഞകൊല്ലം പത്തു മനുഷ്യരെ ഇവർ ബലികഴിച്ചിട്ടുള്ളതായും അറിയുന്നു.

* * *

'മദ്രാസ് മെയിൽ' കത്തോലിക്കാ മതത്തിനെതിരായി ചില ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയതിനേക്കുറിച്ചു കത്തോലിക്കരായവരിക്കാർ ശക്തിയായി പ്രതിഷേധം പുറപ്പെടുവിച്ചിട്ടുള്ളതായിക്കാണുന്നു.

* * *

ഉപ്പിന്റെ നികുതി ൨ രൂ. ൮ ണയാക്കി വർദ്ധിപ്പിച്ചതിനെപ്പററി ആക്ഷേപങ്ങളുണ്ടാകയാൽ വീണ്ടും ആ സംഗതി ആലോചനയ്ക്കെടുത്തെങ്കിലും, വൈസറോയി അവർകൾ നിയമസിദ്ധമായ തന്റെ അധികാരത്താൽ കൂടുതൽ നികുതി ഉറപ്പിച്ചിരിക്കുന്നു.

## ഇററലി.

പത്താം പീയൂസ് മാർപ്പാപ്പായെ പരിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ തുടങ്ങിയിരിക്കുന്നതായി റൂട്ടറിന്റെ കമ്പിവർത്തമാനങ്ങളിൽ കാണുന്നു.

* * *

മൊൺസിഞ്ഞോർ ഫുമസോനി അവർകൾക്കു പകരം പ്രൊപ്പഗാന്ത സംഘത്തിന്റെ സെക്രട്ടറിയായി നിയമിക്കപ്പെട്ട മിലാനിലെ ന്യൂൺസിയോ അപ്പസ്തോലിക്കാ ആയിരുന്ന മൊൺസിഞ്ഞോർ ഫ്രൻസിസ്കോ മർക്കേത്തി അവർകൾ റോമ്മയിലെത്തി ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

* * *

കോട്ടയം മിസ്സത്തിൽനിന്നു ഉർബാൻ കോളജിലേക്കു അയച്ചിരുന്ന റവ. മാത്യു തെക്കേനാട്ടു അവർകൾ ഏപ്രിൽ ഒന്നാം തീയതി മരിയാ മജ്ജിയോരാ പള്ളിയിൽവച്ചു നവപൂജ അണച്ചിരിക്കുന്നു. പാട്ടുകുർബാനയായിരുന്നെന്നും, മലയാളത്തുകാരായ എല്ലാ വിദ്യാർത്ഥികളും സന്നിഹിതരായിരുന്നു എന്നുമുള്ളതു പ്രസ്താവയോഗ്യമായിരിക്കുന്നു.

* * *

വത്തിക്കാനിലെ ബ്രിട്ടീഷ് പ്രതിനിധിയായി നിയമിക്കപ്പെട്ടിരിക്കുന്ന മിസ്റ്റർ റസ്സൽ റോമയിലെത്തി മുറപ്രകാരം സ്ഥാനം കയ്യേററിരിക്കുന്നു. ഇദ്ദേഹം ഇംഗ്ലണ്ടിൽനിന്നു ഇദം പ്രഥമമായി നിയമിക്കപ്പെട്ടിട്ടുള്ള പ്രോട്ടസ്റ്റന്റു സ്ഥാനപതിയാണ്.

## ഇംഗ്ലണ്ട്.

കത്തോലിക്കാസഭയിലേക്കു പ്രവേശിച്ചിരിക്കുന്ന പ്രസിദ്ധ എഴുത്തുകാരനായ മിസ്റ്റർ ചെസ്റ്റർട്ടൺ വേദകാര്യങ്ങളെപ്പററി മുഖ്യമായി പ്രതിപാദിക്കുന്നതിലേക്കു ഒരു പ്രതിവാരപത്രിക ആരംഭിച്ചിരിക്കുന്നു.

* * *

ചക്രവർത്തി മഹാരാജാവും രാജ്ഞിയും മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതായി കേട്ടതിനേപ്പററി ഇംഗ്ലണ്ടിലെ ഹൗസപബ്ലിക്കളായ ചില പ്രോട്ടസ്റ്റന്റുകാർ ബഹളം കൂട്ടിയതിൽ, 'സാമ്രാജ്യത്തിലുള്ള കത്തോലിക്കരുടെ സംഖ്യ വിചാരിച്ച്, എഡ്വേർഡ് ചക്രവർത്തി ചെയ്തതുപോലെ ഇപ്പോഴത്തെ ചക്രവർത്തിയും ചെയ്യേണ്ടതു അദ്ദേഹത്തിന്റെ കടമയാണെന്നു ഗവർമ്മെണ്ടു വിചാരിക്കുന്നു' എന്നു പ്രധാനമന്ത്രി ബോനർലാ മറുപടി കൊടുത്തിരിക്കുന്നു.

---

# സിദ്ധൌഷധക്കുറിപ്പുകൾ.

കൊടിത്തൂവവേരു്, ചുക്ക്, മുത്തങ്ങാ, ചിററമൃതു് ഇവകൊണ്ടുള്ള കഷായം വാതജ്വരത്തെ ശമിപ്പിക്കും.

* * *

ലന്തക്കുരുവിന്റെ പരിപ്പ്, അഞ്ജനക്കല്ല്, മലർപ്പൊടി ഇവ സമം തേനിൽ ചേർത്തു സേവിച്ചാൽ എക്കിൾ മാറും.

* * *

പരുത്തിക്കുരു, ഏലത്തരി, തിപ്പലി, മലർ ഇവ പൊടിച്ചു പഞ്ചസാരയും ചേർത്തു സേവിക്കുക. ഛർദ്ദിയെ കളയും.

അയർലണ്ടിലെ റിപ്പബ്ളിക്കൻ കക്ഷിയുടെ ബഹളം മിക്കവാറും അവസാനിച്ചിരിക്കയാണ്. ഡെവലേരാ ഒഴികെയുള്ള നേതാക്കന്മാരെല്ലാം ബന്ധനത്തിലായിക്കഴിഞ്ഞു. ഫ്റീസ്റ്റെയിററു ഗവമ്മേണ്ടു സർവ്വരാജ്യസഖ്യത്തിൽ പ്രവേശനത്തിനു അപേക്ഷ അയച്ചിട്ടുള്ളതായി കാണുന്നു.

## മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈ വിധവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പർ അടക്കേണ്ടതാണ്.

കൊച്ചുത്രേസ്യായുടെ സഹായത്താൽ കായലിൽ വച്ചു കാററു ശമിച്ചു രക്ഷപ്രാപിച്ചതിനു ഉപകാരസ്മരണ.

എഫ്. ഐ. എൽത്തുരുത്ത്.

തിരുഹൃദയത്തോടു പ്രാർത്ഥിച്ചു ഒരു പ്രത്യേകകാര്യം സാധിച്ചു കിട്ടിയതിനു അടങ്ങാത്ത നന്ദിപറയുന്നു.

എം. എൻ. തിരുവനന്തപുരം.

കലിയൻതാന്നി വി. അന്തോനീസിൻെറ സഹായത്താൽ മോഷണം തെളിഞ്ഞതിനു കൃതജ്ഞത പ്രദർശിപ്പിച്ചുകൊള്ളുന്നു.

എം. സി. ഡി. ആലക്കോട്ട.

എൻെറ കുടുംബത്തിൽ ബാധിച്ച ഭയങ്കരമായ ന്യുമോണിയാദീനം വൈദ്യന്മാർ കൈവെടിഞ്ഞശേഷം തിരുഹൃദയത്തോടു പ്രാർത്ഥിച്ചു സുഖപ്പെട്ടതിൻെറ ഉപകാരസ്മരണ.

പി. കെ. ഡി. കോതമംഗലം.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കു വേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

കടവൂർപള്ളി ഇടവക കാട്ടുകുടി റോസ, മാർച്ചു ൧൬-ാംനു ൧൮ വയസ്സ്.

അതിരമ്പുഴപ്പള്ളി ഇടവക കരോട്ടു വേമ്പേനി ബ. ദേവസ്യാച്ചൻ അവർകളുടെ ജ്യേഷ്ഠസഹോദരൻ ഔസേപ്പ്, മാർച്ച് ൨൨-ാംനു വ്യാഴാഴ്ച. ൭൭ വയസ്സ്.

കൈപ്പുഴ ഇടവക മണ്ണുപറമ്പിൽ മത്തായി, മാർച്ച് ൨൩-നു ൨൮ വയസ്സ്.

കുറവിലങ്ങാട്ടു ഇടവക ആലപ്പാട്ടു ബ. പൌലോസുശമ്മാശൻെറ സഹോദരി ഏലി മാർച്ച് ൩൦-ാംനു. ദുഃഖവെള്ളിയാഴ്ച ൩ൽ മണിക്കു.

പാലാ തിരുഹൃദയമഠത്തിലെ മാതൃകായോഗ്യയായ ഒരു പുതുകന്യാസ്ത്രീയും, ബ. കതളിക്കാട്ടിൽ മത്തായി അച്ചൻ അവർകളുടെ സഹോദര പുത്രിയും ആയ സഹോദരി ഉർശ്ശുലാ ഏപ്രിൽ ൧-ാംനു ഉയിർപ്പുതിരുനാൾദിവസം. ൨൦-ാമത്തെ വയസ്സിൽ.

വാഴപ്പള്ളി ഗ്രാൻറു സ്ക്കൂൾ മാനേജർ കാരക്കന്നം ഇടവക തോട്ടത്തിൽ പൈലി ഔസേപ്പ്, മേടം ൧൦-ാംനു. ൭൩ വയസ്സ്.

തിരുവിതാംകൂർ പെൻഷ്യൻഡ് ഹൈക്കോർട്ടു ജഡ്ജി ഏ. എം. മുത്തുനായകംപിള്ള ബി. ഏ. ബി. എൽ. അവർകളുടെ ഭാര്യ ഏപ്രിൽ ൧൩-ാംനു. ൭൮ വയസ്സ്.

വടയാററുപള്ളി ഇടവക പാറേമ്മാക്കൽ ലൂക്കായുടെ ഭാര്യ ഏലീശാ, ഏപ്രിൽ ൧൬-ാംനു ൭൨ വയസ്സ്.

ക. നി. മൂ. സ. ബ. എവുസേബിയോസച്ചൻെറ ജ്യേഷ്ഠസഹോദരൻ ഏടത്വാ ഇടവക ഇലഞ്ഞിക്കൽ കരിക്കമ്പള്ളി ഔസേപ്പു ചാക്കോ ഉദരവ്യാധി നിമിത്തം മിനം ൩൧-നു.

Printed and Published for the Proprietor by P. K. Joseph, at
St. Joseph's Press Mannanam 1923.

## കുർബാനക്കുപ്പായം മുതലായ പള്ളിസാമാനങ്ങൾ വില്പാനുണ്ട്.

—·—·—

ഫ്രാൻസിൽനിന്നു വരുന്ന പണികളോടു തുല്യമെന്നു അതിശയോക്തികൂടാതെ തീർത്തു പറയാവുന്നതും വിദഗ്ദ്ധന്മാരാൽ സമ്മതിക്കപ്പെട്ടിട്ടുള്ളതും വ്യവസായപ്രദർശനത്തിൽ തിരുവിതാംകൂർഗവർമ്മെണ്ടിൻെറ സർട്ടിഫിക്കേററു ലഭിച്ചിട്ടുള്ളതും, കല്ലുകൾ പതിച്ചും അല്ലാതെയുമുള്ള ഒന്നാംതരം ചിത്രപ്പണികൾ, പലതരം പട്ടും കശവും നൂലുകൾകൊണ്ടുള്ള ചിത്രപ്പണികൾ മുതലായവ ചെയ്തിട്ടുള്ള കുബ്ബാനക്കുപ്പായം, കാപ്പ, ദത്മത്തി എന്നിവ തയ്യാറുണ്ടു. ഗുണത്തെ അപേക്ഷിച്ചു വില ഏററം മിതം.

൫ മുതൽ ൨൫ രൂപാവരെ വിലയുള്ള സാധാരണ കുപ്പായങ്ങളും, ൨൫ മുതൽ ൫൦ വരെ വിലയുള്ള വൃളൻനൂൽ ചിത്രപ്പണിക്കുപ്പായങ്ങളും, ൫൦ മുതൽ ൬൦ വരെ വിലയുള്ള കൂടിയതരം കുപ്പായങ്ങളും, ൬൦ മുതൽ ൨,൫൦൦ വരെ വിലയുള്ള റാസക്കൂട്ടങ്ങളും തീർന്നിരിപ്പുണ്ട്.

ആവശ്യക്കാരുടെ പ്ലാൻ അനുസരിച്ച് ഏതു പണികളും ചെയ്തുകൊടുക്കും.

കാസാ, കുസ്തോദി മുതലായ ലോഹസാമാനങ്ങളും, കൊത്തുരൂപങ്ങൾ, സക്രാരി മുതലായ മരസാമാനങ്ങളും പ്രത്യേക ഖരാറിന്മേൽ ചെയ്യിച്ചുകൊടുക്കും. കണ്ടു തൃപ്തിപ്പെട്ടിട്ടു എടുക്കേണ്ടവക്കു കൂടിയ കുബ്ബാനക്കുപ്പായങ്ങൾ ഞങ്ങളുടെ ചെലവിൽ അയച്ചു കാണിച്ചുകൊടുക്കും.

ഉയർന്നതരം കുബ്ബാനക്കുപ്പായങ്ങൾ ൫൦൦ രൂപായിൽ കൂടുതൽ സാമാനങ്ങൾ എടുക്കുന്നവക്കു നൂററുക്കു പതിനഞ്ചു കമ്മീഷൻ കൊടുക്കാം.

കൂടാതെ ഈട്ടി, തേക്ക്, പ്ലാവ് മുതലായവ കൊണ്ടുള്ള അൽമാരി, മേശ, കസേര എന്നിവയും വില്പാനുണ്ട്.

മാനേജർ, സെൻറു തോമ്മസ് ഇൻഡസ്റ്റ്റിയൽ സ്കൂൾ,
ചങ്ങനാശേരി — തിരുവിതാംകൂർ.

---

## മാന്നാനം സെൻറ് അലോഷ്യസ് ബോർഡിങ്ങ്.

മദ്ധ്യവേനൽ അവധി കഴിഞ്ഞ് സ്ഥലം സെൻറ് എഫ്രേംസ് ഹൈസ്കൂൾ മേ ൨൫-ാംനു- തുറക്കുന്നതാണ്. ബോർഡിങ്ങിൽ കുട്ടികളെ താമസിപ്പിക്കണമെന്നു ആഗ്രഹമുള്ള കത്തോലിക്കാ മാതാപിതാക്കന്മാർ ബ. മാനേജരച്ചന്മാരുടെയോ ബ. വികാരിയച്ചന്മാരുടേയോ സാക്ഷ്യസഹിതം നേരത്തെ അപേക്ഷിക്കേണ്ടതാകുന്നു. ബോർഡിങ്ങുഫീസ് മുമ്പിൽ ൩൦ രൂപാ ആയിരുന്നതു കുറച്ചു ൨൫ രൂപാ ആക്കിയിരിക്കുന്നു.

ബോർഡിങ്ങ് റെക്ടർ,
മാന്നാനം.

---

## ഗ്രന്ഥാവലിപ്പുസ്തകങ്ങൾ.

ദേവമാതാവിൻെറ വണക്കമാസപ്പാട്ടുകൾ. രണ്ടാം പതിപ്പ്.
ഫാദർ സൈമൺ സി. ഡി. എഴുതിയതു്. വില ൫ അണ.

പാപ്പാമതഗ്രന്ഥവിമർശനം. (ഒന്നാം ഭാഗം)
ദിവ്യശ്രീ നടുവത്തുശ്ശേരിൽ യാക്കോബ് കത്തനാർ എഴുതിയതു്. വില ൩ അണ.

ചിന്താവിഷയം. റവ. ഫാദർ ജോൺ പുലയക്കാട്ടിൽ യാക്കോബായക്കാരെ ഉദ്ദേശിച്ചു എഴുതിയിട്ടുള്ളതു്. വില ൫ അണ.

മാനേജർ കർമ്മെലകുസുമം, മാന്നാനം.

Registered No. M. 365. No: T. 54.

# പി. പാപ്പിക്കമ്പനി

## മാന്നാനം.

### രക്ഷാ സാമാനങ്ങൾ

| ചെനാപ്പട്ട നീളം വളയം | | Rs. | as. | p. |
|---|---|---|---|---|
| ൨-ാം ,, പിരിച്ചതു വ്വ ൧ | ,, | 0 | 10 | 0 |
| ൩-ാം ,, വ ൧ | ,, | 0 | 9 | 0 |
| ൪-ാം ,, ൧ | ,, | 0 | 4 | 6 |
| ൧ [illegible] ൧ | ,, | 0 | 3 | 6 |
| ൨-ാം ,, ൧ | ,, | 0 | 3 | 6 |
| ൩-ാം ,, ൧ | ,, | 0 | 4 | 6 |
| ൪-ാം ,, ൧ | ,, | 0 | 5 | 0 |
| [illegible]മുടി ൧-ാംതരം ൧ | ,, | 1 | 6 | 0 |
| ടി. ൨-ാംതരം ൧ | ,, | 1 | 0 | 0 |
| അല്പ്പസ് ൧-ാംതരം ൧ | ,, | 0 | 6 | 0 |
| ടി. ൨-ാംതരം ൧ | ,, | 0 | 4 | 6 |
| ടി. ൩-ാംതരം ൧ | ,, | 0 | 3 | 0 |
| പേന്തി. (Bridge) ൧ | ,, | 0 | 3 | 0 |
| ആണി. (Screw) ൧ | ,, | 0 | 3 | 0 |
| പരന്തുവാൽ. | | | | |
| ൧-ാംതരം ൧ | ,, | 0 | 12 | 0 |
| ടി. ൨-ാംതരം ൧ | ,, | 0 | 10 | 0 |
| ബുക്കബയണ്ടിംഗിനുള്ള | | | | |
| തങ്കം ബുക്ക ൧ | ,, | 2 | 4 | 0 |
| ടി. വെള്ളി ൧ | ,, | 0 | 8 | 0 |

### അലൂമിനം കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| No. a. (മുട്ടഭാഷ) ഡസൻ 1ക്ക | | 0 | 1 | 9 |
| നമ്പ്ര 1 സെൻറു ജോസഫ് ,, | ,, | 0 | 2 | 3 |
| 1251 ഇത്താല്യൻ കാന്തു. ,, | ,, | 0 | 5 | 0 |
| 247 വി. അന്തോനി (വട്ടം) | ,, | 0 | 10 | 0 |
| 100 വി. തോമ്മാശ്ലീഹാ. ,, | ,, | 0 | 10 | 0 |
| 101 ടി. പിച്ചള ,, | ,, | 0 | 7 | 0 |
| 50 വി. കുർബാന. | ,, | 0 | 14 | 0 |
| 53 അമലോത്ഭവം. | ,, | 0 | 14 | 0 |
| 56 ടി. | ,, | 1 | 2 | 0 |
| 131 തിരുഹൃദയം. | ,, | 1 | 2 | 0 |
| 6434 ,, | ,, | 1 | 2 | 0 |

### അലൂ. വെന്തിഞ്ഞ കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| 298 മുട്ടഭാഷ. | ,, | 0 | 5 | 0 |
| 324 കക്കടവൃത്തം. | ,, | 0 | 5 | 0 |
| 231 നീണ്ടഭാഷ. | ,, | 0 | 7 | 0 |
| 337 വൃത്തം. | ,, | 0 | 7 | 0 |
| 338 വൃത്തം. ഡസൻ ൧ക്ക | ,, | 0 | 10 | 0 |
| 7030 ചതിര എരട്ടത്തട്ട ചെറുത് | ,, | 0 | 10 | 0 |
| 325 കക്കടവൃത്തം. | ,, | 0 | 10 | 0 |
| 342 കുരിശുഭാഷ. | ,, | 0 | 10 | 0 |
| 7023 ചതിര ഒററത്തട്ട. | ,, | 0 | 14 | 0 |
| 7031 ചതിര എരട്ടത്തട്ട വലുത് | ,, | 0 | 14 | 0 |
| 399 നക്ഷത്രഭാഷ. | ,, | 1 | 2 | 0 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ട്. | ,, | 1 | 2 | 0 |

### പളുങ്ക് കാശുരൂപങ്ങൾ.

| | | | | |
|---|---|---|---|---|
| 0 0 തിരുഹൃ. അമലോ. മുട്ടഭാഷ | ,, | 2 | 4 | 0 |
| 0 ,, ,, ,, | ,, | 3 | 0 | 0 |
| 1 ഇരുവശത്തും പടമുള്ള അരുളിക്ക | ,, | 1 | 11 | 0 |

### പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| 1 വ്യാകുലപങ്കപ്പാടുചരിത്രം ൧ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യം ചരിത്രം | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 ജ്ഞാനസന്ദൎശ്ശാൾ അമ്മാന | 0 | 8 | 0 |
| 7 ചോദ്യാദിപാന | 0 | 3 | 6 |
| 8 പുത്തൻപാന | 0 | 4 | 6 |
| 9 ദേവമാതാവിൻ സ്തോത്രമാല | 0 | 2 | 3 |
| 10 സുറിയാനിപൂജസഹായം | 0 | 1 | 3 |
| 11 ലത്തീൻപൂജസഹായം | 0 | 1 | 6 |
| 12 ദേവാലയഗീതം | 0 | 10 | 0 |
| 13 നിത്യാരാധന 1ക്ക് | 2 | 0 | 0 |
| 14 പീയൂഷസംഗ്രഹം 1ക്ക് | 0 | 10 | 0 |
| 15 ദിനചര്യം 1ക്ക് | 0 | 5 | 2 |
| 16 തിരുഹൃദയവണക്കം 1ക്ക് | 0 | 10 | 0 |
| 17 അത്ഭുതലിലിപുഷ്പം 1ക്ക് | 0 | 4 | 0 |
| 18 കുടുംബപ്രതിഷ്ഠ 1ക്ക് | 0 | 2 | 0 |
| 19 സ്വൎഗ്ഗപാഥ 1ക്ക് | 0 | 14 | 0 |
| 20 ഗൃഹസഖി 1ക്ക് | 0 | 6 | 0 |
| 21 പൂജസംഗ്രഹം 1ക്ക് | 0 | 2 | 0 |

### പടങ്ങൾ.

| | | | | |
|---|---|---|---|---|
| 8×10 വലിപ്പം | ,, | 1 | 8 | 0 |
| 13×17 ടി. | ,, | 4 | 8 | 0 |
| 16×20 ടി. | ,, | 6 | 12 | 0 |
| പ്രയർബുക്ക സയിസു പടങ്ങൾ | ,, | 0 | 0 | 6 |
| 240 പടമുള്ള പാളിപ്പടം പാളി ൧ക്ക | | 1 | 14 | 0 |

8×10, 13×17, 16×20, ടി. വലിപ്പങ്ങളിൽ തിരുഹൃദയപ്രതിഷ്ഠയ്ക്കുതകുന്നതായ തിരുഹൃദയ പടങ്ങളും അത്ഭുതപ്രവൎത്തകനായ വി: അന്തോനീസ്, തിരുക്കുടുംബം, തങ്കവൎണ്ണത്തോടുകൂടിയ മാതാവു മുതലായ പലതരം പടങ്ങളുമുണ്ട്.

P. Pappy and Co.
Mannanam, Travancore.